بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 3

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 48

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 നവംബർ 29/ഹി:ശം:1397 നുബുവ്വത്ത് 29/ഹി:ഖ:1440 റബിയുൽഅവ്വൽ 20


## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا الَّذِيْنَ اٰمَنُوْۤا اِذَا تَدَايَنْتُمْ بِدَيْنٍ اِلٰۤى اَجَلٍ مُّسَمًّى فَاكْتُبُوْهُ

(سورة البقرة:283)

വിശ്വസിച്ചവരേ! നിങ്ങൾ ഒരു നിശ്ചിത അവധി നിർണയിച്ചു കൊണ്ട് പരസ്പരം കടമിടപാടു ചെയ്യുന്നതായാൽ അതു നിങ്ങൾ എഴുതി രേഖപ്പെടുത്തുക. (2:283)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു: കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**അല്ലയോ ബുദ്ധിമാന്മാരേ, ഈ ലോകം ശാശ്വതമായ സ്ഥലമല്ല. നിങ്ങൾ രക്ഷപ്പെട്ടുകൊള്ളുവിൻ. നിങ്ങൾ ഓരോ അന്യായങ്ങളേയും വർജ്ജിക്കുവിൻ. എല്ലാ ഓരോ ലഹരിപദാർഥവും ഉപേക്ഷിക്കുവിൻ. മനുഷ്യനെ നശിപ്പിക്കുന്നത് മദ്യം മാത്രമല്ല. പ്രത്യുത കറുപ്പ്, കഞ്ചാവ്, ചരസ്, ഭൻഗ്, ചാരായം തുടങ്ങിയവയും നിത്യശീലമാക്കിത്തീർക്കുന്ന ഓരോ ലഹരിപദാർഥവും മസ്തിഷ്ക്കത്തെ കേടുവരുത്തുകയും അവസാനം നശിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് നിങ്ങൾ അതിൽനിന്ന് രക്ഷപ്പെടുക.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

“പരിശുദ്ധരാകുവാൻ ശ്രമിക്കുക. സ്വയം പരിശുദ്ധനായാൽ മാത്രമേ പരിശുദ്ധനായ ദൈവത്തെ സ്വായത്തമാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ, നിങ്ങൾക്കെങ്ങനെയാണ് ഈ അനുഗ്രഹത്തെ പ്രാപിക്കുവാൻ സാധിക്കുക? ഇതിനുള്ള മറുപടി അല്ലാഹു തന്നിരിക്കുന്നു. *വസ്തഈനു ബിസ്സബ്രി വസ്സലാത്തി* (2:147). നമസ്കാരവും സഹനവും കൊണ്ട് അല്ലാഹുവിനോടു സഹായം തേടുക. നമസ്കാരം എന്നാലെന്താണ്? സ്തോത്രം (തസ്ബീഹ്) ചെയ്തും, വീണ്ടും വീണ്ടും സ്തുതിച്ചും (തഹ്മീദ്) പവിത്രത (തഖ്ദീസ്) കാത്തുസൂക്ഷിച്ചും പൊറുക്കലിനെ (ഇസ്തിഗ്ഫാർ) തേടിയും നബി(സ) തിരുമേനിയുടെ ആശംസകൾ (ദുറൂദ്) നേർന്നുകൊണ്ടും താണുകേണു ഇരക്കുന്ന പ്രാർഥനയാണത്. അതുകൊണ്ട് നിങ്ങൾ നമസ്കരിക്കുമ്പോൾ അജ്ഞരായ ആളുകളെപ്പോലെ നിങ്ങളുടെ പ്രാർഥനകളിൽ അറബിപദങ്ങൾ മാത്രം ചൊല്ലുന്നവരാകരുത്. കാരണം അവരുടെ നമസ്കാരവും അവരുടെ പൊറുക്കലിനെ തേടലുമെല്ലാം വെറും ആചാരങ്ങളാണ്. അതിനോടൊപ്പം പരമാർഥമായതൊന്നുംതന്നെയില്ല. എന്നാൽ, നിങ്ങൾ നമസ്കരിക്കുമ്പോൾ വിശുദ്ധഖുർആനിലും ഹദീഥുകളിലുമുള്ള നമസ്കാരത്തിൽ ഓതപ്പെടേണ്ട ദുആകളെ കൂടാതെ സ്വന്തം ഭാഷകളിലും ഉള്ളുരുക്കത്തോടെ ദുആ ചെയ്യേണ്ടതാണ്. എന്നാലേ നിങ്ങളുടെ ഹൃദയങ്ങളിലും ആ വിനയത്തിന്റേയും കീഴ്‌വണക്കത്തിന്റേയും പ്രതിഫലനം ഉണ്ടാവുകയുള്ളൂ.

അഞ്ചുനേര നമസ്കാരങ്ങൾ എന്താണ്? അത് നിങ്ങളുടെ വിവിധ അവസ്ഥകളുടെ ചിത്രമാണ്. വിപത്തിന്റെനേരത്ത് നിങ്ങളിലുണ്ടാകുന്ന, നിങ്ങളുടെ ജീവിതത്തിന്റെ അഞ്ചു അവസ്ഥാന്തരങ്ങളാണത്. അത് നിങ്ങൾക്കുണ്ടാകേണ്ടത് നിർബന്ധമാണ്.

1. ഒന്നാമതായി, നിങ്ങൾക്ക് ഒരാപത്ത് വരാൻ പോകുന്നുവെന്ന അറിയിപ്പ് കിട്ടുക. ഉദാഹരണമായി നിങ്ങളുടെ പേരിൽ കോടതിയിൽനിന്ന് ഒരു വാറണ്ട് പുറപ്പെടുവിക്കുന്നു. നിങ്ങളുടെ സമാധാനത്തിലും സന്തോഷത്തിലും ഭംഗമുണ്ടാക്കുന്ന ആദ്യത്തെ അവസ്ഥയാണിത്. ഈ അവസ്ഥ അസ്തമയ സമയത്തോട് സാദൃശ്യമുള്ളതാകുന്നു. കാരണം ഇതുമൂലം നിങ്ങളുടെ സന്തോഷാവസ്ഥയിൽ മങ്ങലുണ്ടാകാൻ തുടങ്ങി. ഇതിനു സമാനമായി ളുഹർ നമസ്കാരം നിശ്ചയിക്കപ്പെട്ടു. ഇത് സൂര്യാസ്തമയത്തിനുള്ള തുടക്കമാകുന്നു.

2. നിങ്ങളിൽ രണ്ടാമത്തെ മാറ്റം വരുന്നത് ആപത്തിന്റെ സ്ഥലവുമായി വളരെ അടുത്താക്കപ്പെടുന്ന നേരത്താണ്. ഉദാഹരണമായി നിങ്ങൾ വാറണ്ടനുസരിച്ച് അറസ്റ്റ് ചെയ്യപ്പെടുകയും ന്യായാധിപന്റെ മുമ്പിൽ ഹാജരാക്കപ്പെടുകയും ചെയ്യുന്നു. ഇത് ഭയംകൊണ്ട് രക്തം വരണ്ടുപോകുകയും സന്തോഷത്തിന്റെ വെളിച്ചം അകലുകയും ചെയ്യുന്ന നേരമാകുന്നു. സൂര്യനിൽനിന്ന് പ്രകാശം കുറഞ്ഞുപോകുകയും ദൃഷ്ടിക്ക് അതിൽ പതിയാൻ സാധിക്കുകയും ചെയ്യുന്ന നേരത്തോട് സാദൃശ്യമാണിത്. അതിന്റെ പതനം അടുത്തിരിക്കുന്നുവെന്ന് വ്യക്തമായും കാണുവാൻ കഴിയുന്നു. ഈ ആത്മീയാവസ്ഥയ്ക്ക് സമാനമായി അസ്ർ നമസ്കാരം നിശ്ചയിക്കപ്പെട്ടു.

3. നിങ്ങളിൽ മൂന്നാമത്തെ മാറ്റം വരുന്നത് ഈ ആപത്തിൽനിന്ന് മോചനം ലഭിക്കുമെന്ന പ്രതീക്ഷ തികച്ചും അറ്റു പോകുമ്പോഴാണ്. ഉദാഹരണമായി നിങ്ങളുടെ പേരിൽ കുറ്റപത്രം എഴുതപ്പെടുകയും നിങ്ങൾക്കെതിരെ നിങ്ങളുടെ നാശത്തിനായി സാക്ഷികൾ സജ്ജരാക്കപ്പെടുകയും ചെയ്യുന്നു. ഈ അവസരത്തിൽ നിങ്ങളുടെ ബോധം നഷ്ടപ്പെടുകയും നിങ്ങൾ സ്വയം ഒരു തടവുകാരനായികരുതുകയും ചെയ്യുന്ന നേരമാണിത്. ഈ അവസ്ഥ സൂര്യൻ അസ്തമിക്കുന്ന നേരവുമായി സാദൃശ്യമുള്ളതാണ്. പകൽ വെളിച്ചത്തിന്റെ എല്ലാ പ്രതീക്ഷകളും അവസാനിച്ചുപോകുന്നു. ഈ ആത്മീയാവസ്ഥയ്ക്ക് സമാനമായി മഗ്‌രിബ് നമസ്കാരം നിശ്ചയിക്കപ്പെട്ടു.

4. നിങ്ങളിൽ വരുന്ന നാലാമത്തെ മാറ്റം ആപത്ത് നിങ്ങളിൽ ഉണ്ടാകുമ്പോഴാണ്. അതിന്റെ കൂരിരുൾ നിങ്ങളെ വലയം ചെയ്യുന്നു. ഉദാഹരണമായി കുറ്റമാരോപിക്കപ്പെട്ട് സാക്ഷികൾ വസ്തരിക്കപ്പെട്ടതിനുശേഷം ശിക്ഷ നിങ്ങളെ കേൾപ്പിക്കുന്നു. നിങ്ങളെ തടവിലാക്കുവാൻ ഒരു പോലീസുകാരനെ ചുമതലപ്പെടുത്തുന്നു. കഠിനമായ ഇരുട്ടുണ്ടാകുന്ന സമയവുമായി സാദൃശ്യമുള്ള നേരമാണിത്. ഈ ആത്മീയാവസ്ഥയ്ക്ക് സമാനമായി ഇശാനമസ്കാരം നിശ്ചയിക്കപ്പെട്ടു.

5. പിന്നീട് നിങ്ങൾ ദീർഘകാലം ഈ വിപത്തിന്റെ അന്ധകാരത്തിൽ കഴിച്ചുകൂട്ടുന്നു. അതിനുശേഷം അല്ലാഹുവിന്റെ കാരുണ്യം തിളച്ചുമറിയുകയും നിങ്ങൾക്ക് ഈ ഇരുട്ടിൽനിന്ന് മോചനം നല്കുകയും ചെയ്യുന്നു.

ഉദാഹരണമായികൂരിരുട്ടിനുശേഷം പ്രഭാതംപൊട്ടിവിടരുന്നു. പിന്നീട് പകലിന്റെ പ്രകാശം അതിന്റെ തിളക്കത്തോടുകൂടി പ്രത്യക്ഷമാകുന്നു. ഈ ആത്മീയാവസ്ഥയ്ക്ക് സമാനമായി സുബ്ഹി നമസ്കാരം നിശ്ചയിക്കപ്പെട്ടു. അങ്ങനെ അല്ലാഹു നിങ്ങളുടെ പ്രകൃതിപരമായ മാറ്റങ്ങളിൽ അഞ്ച് അവസ്ഥകൾ കണ്ടുകൊണ്ട് അഞ്ചു നമസ്കാരം നിങ്ങൾക്കായി നിശ്ചയിച്ചു. ഇതിൽനിന്ന് ഈ നമസ്കാരങ്ങൾ നിങ്ങളുടെ ആത്മാവിന്റെ ഗുണത്തിനുള്ളതാണെന്ന് നിങ്ങൾക്ക് മനസ്സിലാക്കാവുന്നതാണ്.

ഈ ആപത്തുകളിൽനിന്ന് രക്ഷപ്പെടുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ അഞ്ചുനേര നമസ്കാരങ്ങൾ ഉപേക്ഷിക്കാതിരിക്കുക. ഇത് നിങ്ങളുടെ ആന്തരികവും ആത്മീയവുമായ മാറ്റങ്ങളുടെ പ്രതിച്ഛായയാകുന്നു. വരാൻ പോകുന്ന വിപത്തുകൾക്കുള്ള ചികിത്സ നമസ്കാരത്തിലുണ്ട്. ഉദിച്ചുയരാൻ പോകുന്ന പുതുദിനം എന്താണ് വിധിച്ചിരിക്കുന്നതെന്ന് നിങ്ങൾക്കറിയില്ല. അതുകൊണ്ട് ആ ദിനം ഉദിച്ചുയരുന്നതിനുമുമ്പേ നിങ്ങളുടെ യജമാനന്റെ തിരുസന്നിധിയിൽ ഉള്ളുരുക്കത്തോടുകൂടി പ്രാർഥിക്കുക; നന്മയുടേയും അനുഗ്രഹത്തിന്റേയും ദിവസം നിങ്ങൾക്കായി ഉദിച്ചുയരാൻ.

അല്ലയോ നേതാക്കളേ! നാടുവാഴികളേ! മുതലാളിമാരേ! നിങ്ങളിൽ അല്ലാഹുവിനെ ഭയപ്പെടുന്നവരും അവന്റെ എല്ലാ വഴികളിലും ശരിയായ നടക്കുന്നവരുംനന്നേ കുറവാണ്. ഭൗതികമായ സ്വത്തുക്കളെ സ്നേഹിക്കുകയും അതിൽതന്നെ ആയുസ്സ് കഴിക്കുകയും മരണത്തെ മറന്നുപോവുകയും ചെയ്യുന്നവരാണധികവും. നമസ്കരി

( ശേഷം പേജ് 8ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# അഹ്മദിയ്യാ ഫിഖ്ഹ്–19

**നമസ്കാരത്തിന്റെ**
**അഞ്ചാമത്തെ നിബന്ധന:**

ആരോഗ്യകരമായ നമസ്കാരത്തിന് നിയ്യത്തും നിർബന്ധമാണ്. നിയ്യത്തിന്റെ അർത്ഥം ഉദ്ദേശ്യമെന്നാണ്. നമസ്കാരം തുടങ്ങുന്ന നേരത്ത് മനസ്സിൽ ഏതുനേരത്തുള്ള, ഏതു നമസ്കാരമാണ് നിർവഹിക്കുന്നതെന്ന ഉദ്ദേശ്യമുണ്ടായിരിക്കേണ്ടതാണ്. കാരണം ഏതൊരു നമസ്കാരത്തിന്റെ നിയ്യത്താണോ ഉള്ളത് ആ നമസ്കാരമായിരിക്കും അത്. ളുഹ്റിന്റെ നേരത്ത് നാലു റക്അത്ത് ഫർള് നിർവഹിക്കാൻ പോകുന്നുവെന്നുള്ള വിചാരമാണെങ്കിൽ അത് ഫർള് നമസ്കാരമായിരിക്കും. നിയ്യത്ത് നാലു റക്അത്ത് അല്ലെങ്കിൽ രണ്ട് റക്അത്ത് സുന്നത്തിന്റേതാണെങ്കിൽ അത് സുന്നത്ത് നമസ്കാരമായിരിക്കും. നഫ്ലിന്റെ നിയ്യത്താണെങ്കിൽ നഫ്ലായിരിക്കും. നിയ്യത്ത് അസ്റിന്റെ ഫർള് നമസ്കാരത്തന്റേതാണെങ്കിൽ, ജംആക്കുന്നതിനാണെങ്കിൽ അതനുസരിച്ചായിരിക്കും നമസ്കാരം. നിയ്യത്ത് മാറുന്നതിനോടൊപ്പം നമസ്കാരത്തിന്റെ ഇനവും മാറുന്നതായിരിക്കും.

നിയ്യത്തിന്റെ ബന്ധം മനസുമായിട്ടാണ്. അതുകൊണ്ട് ഏതുസമയത്തുള്ളതും എത്ര റക്അത്തുള്ളതുമായ നമസ്കാരമാണ് തുടങ്ങാൻ പോകുന്നതെന്ന വിചാരം മനസ്സിലുണ്ടായിരിക്കേണ്ടതാണ്. വായകൊണ്ട് നിയ്യത്തിന്റെ വാക്കുകൾ പറയേണ്ടത് നിർബന്ധമല്ല. എന്നല്ല, ചിലപ്പോൾ നിയ്യത്തിന്റെ വാക്കുകൾ പ്രകടിപ്പിക്കുന്നതിനെ നല്ലതായും മനസ്സിലാക്കപ്പെടുന്നില്ല.

നിയ്യത്തിൽ ആത്മാർഥതയുടെ ഉള്ളടക്കവും അടങ്ങിയിട്ടുണ്ട്. മനുഷ്യൻ അല്ലാഹുവിനുവേണ്ടി നമസ്കരിക്കുകയാണെങ്കിൽ അവന്റെ നമസ്കാരം അല്ലാഹുവിന്റെ സന്നിധിയിൽ സ്വീകരിക്കപ്പെടും. ഇനി അവൻ മറ്റുള്ളവരെ കാണിക്കാനും ആരെയെങ്കിലും ഭയന്നും ആരെയെങ്കിലും സന്തോഷിപ്പിക്കാനുമാണ് നമസ്കരിക്കുന്നതെങ്കിൽ അല്ലാഹുവിന്റെ തിരുസന്നിധിയിൽനിന്ന് അവന് ഒന്നുംതന്നെ കിട്ടുകയില്ല. ചുരുക്കിപ്പറഞ്ഞാൽ "എല്ലാ പ്രവർത്തനങ്ങൾക്കും പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു."അതുകൊണ്ട് അല്ലാഹുവിന്റെ തിരുസന്നിധയിൽ എല്ലാ ഓരോ കർമവും ഇതേ തുലാസിലായിരിക്കും തൂക്കപ്പെടുന്നത്. എല്ലാ ഓരോരുത്തരും ഇതനുസരിച്ച് പ്രതിഫലം പറ്റുന്നതാണ്.

## നമസ്കാരത്തിന്റെ രീതി:

**ഇസ്ലാമിക നമസ്കാരം:–**

ഇസ്ലാമിൽ നമസ്കാരത്തിന്റെ രൂപം നിർണയിക്കപ്പെട്ടിട്ടുള്ളതിനെക്കാൾ സ്വീകാര്യമായതും പിൻപറ്റാൻ പറ്റുന്നതുമായ ഒരു രീതിയും മറ്റൊരു മതത്തിലും നടപ്പിലില്ല. അതിനെക്കാൾ കൂടുതൽ ബുദ്ധിയിൽ വരാനും സാധ്യമല്ല. ലോകത്തുള്ള മറ്റെല്ലാ മതത്തിലും ഒറ്റയൊറ്റയായി കാണുന്ന എല്ലാ ഉത്തമമായി രീതികളും അംഗീകരിക്കപ്പെട്ട ഗുണങ്ങളും നമസ്കാരത്തിൽ സമ്മേളിപ്പിക്കപ്പെട്ടിരിക്കുന്നു; പ്രതാപവാനായ ആരാധ്യന്റെ മുമ്പിൽ മനുഷ്യശക്തികൾക്ക് ഉണ്ടാക്കാൻ സാധ്യമായ യാചനയ്ക്കുള്ള എല്ലാ മര്യാദകളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇപ്രകാരംതന്നെ നമസ്കാരത്തിൽ ചൊല്ലുന്ന ആ പ്രത്യേകമായ വാക്യങ്ങളും കേവലം നാവുകൊണ്ടല്ല പ്രത്യുത ഹൃദയംകൊണ്ടും പറയുകയാണ്. അതുമുഖേന മനുഷ്യാത്മാവ് ആകർഷിക്കപ്പെടുന്നു. നമസ്കാരത്തിന്റെ അതുല്യതയ്ക്കുള്ള ധാരാളം തെളിവുകളുണ്ട്.

**നമസ്കാരരീതി:**

നമസ്കരിക്കാൻ പോകുന്നയാൾ പരിശുദ്ധ ശരീരത്തോടും പരിശുദ്ധമായ വസ്ത്രത്തോടുംകൂടി നമസ്കരിക്കാൻ ആഗ്രഹിക്കുന്ന നേരത്ത് മനസ്സിൽ നിയ്യത്തു ചെയത് ഖിബ്ലയ്ക്ക് അഭിമുഖമായി നില്ക്കുക. അതിനുശേഷം തന്റെ രണ്ടുകൈകളും ചെവിവരെ ഉയർത്തുകയും اَللّٰہُ اَکۡبَرُ (അല്ലാഹു ഏറ്റവും വലിയവൻ)എന്നു പറയുകയും ചെയ്യുക. ഈ തക്ബീറിന് 'തക്ബീറത്തുൽ ഇഹ്റാം'എന്നു പറയുന്നു. അതിനുശേഷം വലത്തെകൈ ഇടത്തെകൈയുടെ മേലെയായി നെഞ്ചിനും പൊക്കിളിനുമിടയിൽ കെട്ടുകയും ചെയ്യുക. ഇങ്ങനെ നില്ക്കുന്നതിനെ ഖിയാം എന്നു പറയുന്നു. അതിനുശേഷം ദുആഉൽ ഇഫ്തിതാഹ്(പ്രാരംഭപ്രാർഥന) ആയ വജ്ജ്ഹത്തു ഓതുക.

وَجَّهۡتُ وَجۡهِیَ لِلَّذِیۡ فَطَرَ السَّمٰوٰتِ وَالۡاَرۡضَ حَنِیۡفًا وَّمَا اَنَا مِنَ الۡمُشۡرِکِیۡنِ

അർഥം:– ആകാശങ്ങളേയും ഭൂമിയേയും സൃഷ്ടിച്ച അല്ലാഹുവിലേക്ക് ഏകദൈവ വിശ്വാസിയായിക്കൊണ്ട് ഞാൻ എന്റെ മുഖത്തെ തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവ വിശ്വാസികളിൽപ്പെട്ടവനല്ല.

അതിനുശേഷം സ്തുതി വചനം ചൊല്ലുക:

سُبۡحٰنَکَ اللّٰهُمَّ وَبِحَمۡدِکَ وَتَبَارَکَ اسۡمُکَ وَتَعَالٰی جَدُّکَ وَلَآ اِلٰهَ غَیۡرُکَ

അർഥം:– "അല്ലാഹുവേ നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. നിന്റെ നാമം അനുഗൃഹീതമാകുന്നു. നിന്റെ മഹത്ത്വം അത്യുന്നതമാകുന്നു. നീയല്ലാതെ ആരാധനയ്ക്കർഹൻ മറ്റാരുമില്ല."

അതിനുശേഷം തഅവ്വുദ്

اَعُوۡذُ بِاللّٰهِ مِنَ الشَّیۡطٰنِ الرَّجِیۡمِ ചൊല്ലുക.

അർഥം:ശപിക്കപ്പെട്ട പിശാചിന്റെ ഉപദ്രവത്തിൽനിന്ന് അല്ലാഹുവിനോട് ഞാൻ രക്ഷ തേടുന്നു. തുടർന്ന് സൂറത്തുൽ ഫാത്തിഹ് ഓതുക. അതിപ്രകാരമാണ്:

بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِیۡمِ

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِیۡنَ۔ اَلرَّحۡمٰنِ الرَّحِیۡمِ۔ مٰلِکِ یَوۡمِ الدِّیۡنِ۔ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ۔ اِهۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ۔ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡهِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡهِمۡ وَلَا الضَّآلِّیۡنَ (آمین)

അർഥം:– "പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ ഞാൻ ആരംഭിക്കുന്നു. സർവ സ്തുതിയും സർവലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു; പരമകാരുണികനും കരുണാമയനും; രക്ഷാശിക്ഷയുടെ നാളിന്റെ അധികാരി. നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോടുമാത്രം ഞങ്ങൾ സഹായത്തിന്നപേക്ഷിക്കുകയും ചെയ്യുന്നു. നീ ഞങ്ങളെ ചൊവ്വായ മാർഗത്തിൽ നടത്തേണമേ. (അതായത്) നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ; കോപിക്കപ്പെട്ടവരുടേയോ വഴിപിഴച്ചവരുടേയോ മാർഗത്തിലല്ല."

സൂറത്തുൽ ഫാത്തിഹ ഓതിയതിനുശേഷം 'ആമീൻ' (ഈ പ്രാർഥന സ്വീകരിക്കേണമേ) എന്ന് ചൊല്ലുക. അനന്തരം ഖുർആനിലെ ഏതെങ്കിലും സൂറത്തോ അല്ലെങ്കിൽ ഏതാനും ആയത്തുകളോ ഓതുക.

ഉദാഹരണത്തിന് സൂറ കൗഥർ:

بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِیۡمِ

قُلۡ هُوَ اللّٰهُ اَحَدٌ۔ اَللّٰهُ الصَّمَدُ۔ لَمۡ یَلِدۡ۔ وَلَمۡ یُوۡلَدۡ۔ وَلَمۡ یَکُنۡ لَّهٗ کُفُوًا اَحَدٌ

അർഥം:"പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ ഞാൻ ആരംഭിക്കുന്നു. സത്യമായും നാം നിനക്ക് അളവറ്റ അനുഗ്രഹങ്ങൾ നല്കിയിരിക്കുന്നു. അതിനാൽ നീ നിന്റെ നാഥനുവേണ്ടി നമസ്കരിക്കുകയും ബലിയർപിക്കുകയും ചെയ്യുക. നിശ്ചയമായും നിന്റെ ശത്രുവാണ് സന്താനരഹിതൻ.

പിന്നെ اَللّٰہُ اَکۡبَرُ എന്ന് ചൊല്ലിക്കൊണ്ട് റുകൂഅ് ചെയ്യുക. രണ്ട് കൈകളും കാലിന്റെ മുട്ടുകളിൽ എത്തുവോളം കുനിഞ്ഞ് വിരലുകൾ വിടർത്തി മുട്ടിൽവച്ചുകൊണ്ട് കുനിഞ്ഞുനില്ക്കുന്നതിന്നാണ് 'റുകൂഅ്' എന്നു പറയുന്നത്.

റുകൂഇൽ سُبۡحَانَ رَبِّیَ الۡعَظِیۡمِ എന്നു ചൊല്ലുക.

അർഥം:– മഹത്ത്വമുടയവനായ എന്റെ രക്ഷിതാവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു എന്ന് മൂന്നുപ്രാവശ്യമോ അല്ലെങ്കിൽ അതിലധികം ഒറ്റ എണ്ണങ്ങളായോ ചൊല്ലുക. അതിനുശേഷം

سَمِعَ اللّٰہُ لِمَنۡ حَمِدَهٗ എന്നു ചൊല്ലുക.

അർഥം:– അല്ലാഹുവിനെ സ്തുതിച്ചവന്റെ സ്തുതി അവൻ കേൾക്കുമാറാകട്ടെ. അതുകഴിഞ്ഞ് റുകൂഇൽനിന്ന് നിവർന്നു നില്ക്കുക.

ഇങ്ങനെ റുകൂഇൽനിന്ന് നിവർന്ന് നേരെ നിൽക്കുന്നതിന് 'ഇഅ്തിദാൽ' എന്ന് പറയുന്നു.

ഇഅ്തിദാലി'ൽ

رَبَّنَا وَلَکَ الۡحَمۡدُ حَمۡدًا کَثِیۡرًا طَیِّبًا مُّبَارَکًا فِیۡهِ

എന്ന് ചൊല്ലുക.

അർഥം:– ഞങ്ങളുടെ നാഥാ, ഏറ്റവും പരിശുദ്ധവും അനുഗൃഹീതവുമായ എല്ലാ സ്തുതിയും നിനക്കാകുന്നു.

തുടർന്ന് اَللّٰہُ اَکۡبَرُ എന്ന് ചൊല്ലിക്കൊണ്ട് സുജൂദ് (സാഷ്ടാംഗം) ചെയ്യുക. സുജൂദ് ചെയ്യുമ്പോൾ ആദ്യം കാൽമുട്ടുകളും പിന്നീട് രണ്ട് കൈപ്പടങ്ങളും നെറ്റിയും മൂക്കും നിലത്ത് പതിയേണ്ടതാണ്. ഇടതുകാൽ പരത്തി അതിലിരിക്കുക. വലതുകാൽ കുത്തി നിറുത്തുകയും അതിന്റെ വിരലുകൾ ഖിബ്ലയുടെനേരെ ആയിരിക്കുകയും വേണം. തല, രണ്ട് കൈയ്ക്കിടയിലും രണ്ട് കൈയും പാർശ്വങ്ങളിൽനിന്ന് വേറിട്ടും ഇരിക്കേണ്ടതാണ്.

സുജൂദിൽ سُبۡحَانَ رَبِّیَ الۡاَعۡلٰی എന്ന് ചൊല്ലുക.

അർഥം:– അത്യുന്നതനായ എന്റെ രക്ഷിതാവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. ഇത് മൂന്ന് പ്രാവശ്യമോ അല്ലെങ്കിൽ അതിലധികം ഒറ്റ എണ്ണങ്ങളായോ ചൊല്ലുക. അതിനുപുറമെ വേറെ വല്ല ദുആയും ചെയ്യാനാഗ്രഹിക്കുന്നുവെങ്കിൽ അത് അറബിഭാഷയിലോ സ്വന്തം ഭാഷയിലോ ചെയ്യാവുന്നതാണ്. റുകൂഇലും സുജൂദിലും ഖുർആനിലെ ആയത്തുകൾ ഓതാൻ പാടുള്ളതല്ല. കാരണം ദൈവികവചനം മഹത്ത്വത്തെ ആഗ്രഹിക്കുന്നു. റുകൂഉം സുജൂദും മനുഷ്യന്റെ താഴ്മയെയാണ് കാണിക്കുന്നത്. സുജൂദിൽനിന്ന്, അല്ലാഹു അക്ബർ എന്ന് ചൊല്ലിക്കൊണ്ട് തലയുയർത്തി രണ്ടുകൈയും മുട്ടിന്മേൽവച്ച നിലയിൽ ഇരിക്കുക. ഇതിന് 'ഖഅ്ദ' (ഇടയിലിരുത്തം) എന്നു പറയുന്നു.

അനന്തരം ഈ ദുആ ചൊല്ലുക.

رَبِّ اغۡفِرۡلِیۡ وَارۡحَمۡنِیۡ وَاهۡدِنِیۡ وَعَافِنِیۡ وَاجۡبُرۡنِیۡ وَارۡزُقۡنِیۡ وَارۡفَعۡنِیۡ

അർഥം:– അല്ലാഹുവേ, നീ എനിക്ക് പൊറുത്തുതരേണമേ, എന്നോട് കരുണ കാണിക്കേണമേ, എന്നെ നേർമാർഗത്തിൽ നടത്തേണമേ, എനിക്ക് സൗഖ്യം നല്കേണമേ, എന്റെ ന്യൂനതകളെ പരിഹരിക്കേണമേ, എനിക്ക് ആഹാരം നല്കേണമേ, എന്നെ ഉയർത്തേണമേ.

തുടർന്ന് اَللّٰہُ اَکۡبَرُ എന്ന് ചൊല്ലിക്കൊണ്ട് വീണ്ടും സുജൂദ് ചെയ്യുക. അതിലും ആദ്യത്തെ സുജൂദിൽ ചൊല്ലിയതുപോലെ എന്ന് മൂന്നോ അതിൽ കൂടുതൽ ഒറ്റ എണ്ണങ്ങളായോ ചൊല്ലുക. ഇങ്ങനെ അയാളുടെ ഒരു റക്അത്ത് പൂർത്തിയായി.

ഇതിനുശേഷം ആദ്യത്തെപോലെ രണ്ടാമത്തെ റക്അത്തും പൂർത്തിയാക്കുക. അതായത് കൈകെട്ടിനിന്ന് തസ്മിയ അതായത് ബിസ്മി ഉൾപ്പെടെ സൂറ ഫാത്തിഹ ഓതുക. അതിനുശേഷം വിശുദ്ധ ഖുർആനിലെ ഏതെങ്കിലും ഭാഗം ഓതുക. പിന്നീട് ആദ്യത്തെപോലെ റുക്കൂഉം സുജൂദും ചെയ്യുക. ഇപ്രകാരം അയാളുടെ രണ്ടാമത്തെ റക്അത്ത് പൂർത്തിയായി. സുജൂദിനുശേഷം اَللّٰہُ اَکۡبَرُ

( ശേഷം പേജ് 10ൽ)

## ഖുത്ബ ജുമുഅ

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു യഥാർഥ അഹ്മദിയാകുന്നതിന് ചില ശർത്തുകൾ വെക്കുകയും ചില ചുമതലകൾ ഏൽപിക്കുകയും ചില നിർബന്ധ കടമകളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയും ചെയ്തിരിക്കുന്നു. അതുനസരിച്ച് പ്രവർത്തിക്കുകയും അത് നിറവേറ്റുകയും ചെയ്യുമ്പോഴാണ് യഥാർഥ നിലയിൽ ആ മഹാത്മാവിന്റെ ജമാഅത്തിൽ ഗണിക്കപ്പെടുന്നത്.**

**നബി(സ) തിരുമേനി പറഞ്ഞു: കർമങ്ങൾ പ്രദർശനപരതയോടെയും കാണിക്കാൻവേണ്ടിയും ചെയ്യുന്നതും രഹസ്യമായ മോഹങ്ങളിൽ അകപ്പെടുന്നതും ശിർക്കാണ്. ആരെങ്കിലും മതപരമായ കല്പന പിൻപുറം തള്ളി ഭൗതികമായ ആഗ്രഹങ്ങൾ പൂർത്തിയാക്കുകയാണെങ്കിൽ അവൻ ശിർക്കിന്നിരയായിത്തീരുന്നു.**

**ഖിലാഫത്തിന്റെ അടിസ്ഥാനപരമായ ജോലിതന്നെ ശിർക്ക് അവസാനിപ്പിക്കുകയും തൗഹീദ് സ്ഥാപിക്കുകയും ചെയ്യുക എന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഏതൊരു മിഷൻ സ്ഥാപിക്കുന്നതിനുവേണ്ടിയാണോ നിയോഗിതനായത് അതിന്റെ സമ്പൂർത്തീകരണമാണ്. ഖിലാഫത്തിനോടുള്ള ആദരവ് നിലനിറുത്തേണ്ടത് കാലത്തിന്റെ ഖലീഫയുടെ ജോലിയാണ്. അത് അദ്ദേഹത്തിന്റെ ഉത്തരവാദിത്വമാണ്. അത് അദ്ദേഹം ചെയ്യുന്നതായിരിക്കും. അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ അനുസരിച്ചും നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ചും ഖിലാഫത്ത് മുഖേന തൗഹീദിന്റെ സന്ദേശം ലോകത്ത് പ്രചരിപ്പിക്കുകയും ലോകത്തുനിന്ന് ശിർക്ക് അവസാനിപ്പിക്കുകയും ചെയ്യേണ്ടതുള്ളതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്.**

**അതിനാൽ തൗഹീദിന്റെ വാദമുണ്ടെങ്കിൽ അല്ലാഹുവിനെ ആരാധിക്കുന്നുവെന്ന വാദമുണ്ടെങ്കിൽ, യഥാർഥ മുസ്ലിമാണെന്ന വാദമുണ്ടെങ്കിൽ കളവിനെ നമ്മുടെ ഉള്ളിൽ നിന്ന് നമുക്ക് പുറത്താക്കേണ്ടിവരും. കളവാക്കുന്നവനേയും പുറത്താക്കേണ്ടിവരും. ചിലയാളുകൾ നിസ്സാരകാര്യങ്ങൾക്കുവേണ്ടി കളവ് ചെയ്യുന്നു. ഇതൊരു മുഅ്മിനു ചേർന്നതല്ല. നമ്മുടെ കർമങ്ങൾ നമ്മുടെ അധ്യാപനമനുസരിച്ചാണെങ്കിൽ നമ്മുടെ തബ്ലീഗും ഫലംകൊണ്ടുവരുന്നതായിരിക്കും മറ്റുള്ളവരുടെമേൽ നമുക്കുള്ള സ്വാധീനവും നല്ലതായിരിക്കും.**
**ഖുർആനിക വചനങ്ങൾ, തിരുനബിമൊഴികൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശം എന്നിവയുടെ വെളിച്ചത്തിൽ ബയ്അത്തിന്റെ യാഥാർഥ്യം, ഖലീഫയോടുള്ള ആദരവ്, അഹ്മദിയ്യാ ജമാത്തിനോടു ശക്തമായ ബന്ധം പുലർത്തേണ്ടതിന്റെ പ്രാധാന്യം, തൗഹീദിന്റെ സ്ഥാപനം, ദൈവാരാധന പ്രത്യേകിച്ചും ജമാഅത്തായിട്ടുള്ള നമസ്കാര നിർവഹണം, ഇസ്തിഗ്ഫാർ സൃഷ്ടികളോടുള്ള കടമ നിറവേറ്റൽ, നിലവാരമുള്ള ധനത്യാഗം, നല്ല കാര്യങ്ങളിൽ അനുസരണം എന്നതിന്റെ വ്യാഖ്യാനം തുടങ്ങിയവയെ കുറിച്ചുള്ള വിവരണം. ശിർക്ക്, കളവ്, വ്യഭിചാരം, എല്ലാത്തരം ദ്രോഹപ്രവൃത്തികൾ, അഹങ്കാരം, പൊങ്ങച്ചം എന്നിവയിൽനിന്ന് രക്ഷപ്പെടുക.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 നവംബർ 02/1397 തബൂക് 02**
**മസ്ജിദ് ബയ്ത്തുർറഹ്മാൻ മെരിലാന്റ് (Maryland) (അമേരിക്ക)**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

തങ്ങളെ അഹ്മദി എന്നു പറയുന്ന ഓരോ പുരുഷനും സ്ത്രീയും, ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നുവെന്നും അദ്ദേഹത്തിന്റെ വാദത്തെ അംഗീകരിക്കുന്നുവെന്നും പറയുന്നതുകൊണ്ടുമാത്രം യഥാർഥ അഹ്മദിയാകുകയില്ല. പ്രത്യുത ഒരു യഥാർഥ അഹ്മദിയായിത്തീരുന്നതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ചില നിബന്ധനകൾ വെച്ചിട്ടുണ്ട്. ചില ഉത്തരവാദിത്വങ്ങൾ ഇട്ടിട്ടുണ്ട്. ചില നിർബന്ധ കടമകളിലേക്ക് ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. അതനുസരിച്ച് പ്രവർത്തിക്കുകയും അതു നിറവേറ്റുകയും ചെയ്യുമ്പോഴാണ് യഥാർഥമായ നിലയിൽ തന്റെ ജമാഅത്തിൽ ഗണിക്കപ്പെടുന്നതെന്ന് പറഞ്ഞിരിക്കുന്നു. അഹ്മദിയാകുന്നതിന് വിശ്വാസപരമായ മാറ്റം മാത്രംപോര.

അല്ലെങ്കിൽ തന്റെ മാതാപിതാക്കൾ അഹ്മദികളാണ് അതുകൊണ്ട് താൻ അഹ്മദിയാണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തെ സത്യമായി വിശ്വസിച്ചിരിക്കുന്നുവെന്നും മാത്രം പറഞ്ഞാൽ മതിയാകുകയില്ല. ഇതു വിശ്വാസപരമായ അടിസ്ഥാനത്തിൽ ഒരാളെ അഹ്മദിയാക്കുമെന്നതിൽ സംശയമില്ല. പക്ഷേ, കർമപരമായ അഹ്മദിയാകുന്നതിന് തങ്ങളുടെ സർവവിധ കഴിവുകളോടും ശക്തികളോടുംകൂടി ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അഹ്മദിയിൽ നിന്ന് പ്രതീക്ഷിച്ച കാര്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടത് നിർബന്ധമാണ്. അവിടന്ന് വളരെ വ്യക്തമായ നിലയിൽ പറഞ്ഞു:'നിങ്ങൾ നിങ്ങളുടെ എല്ലാ കഴിവുകളോടും കൂടി ഇക്കാര്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നില്ലെങ്കിൽ നിങ്ങളുടെ വാദം കേവലം വാക്കിലുള്ള വാദമാണ്. പറച്ചിൽമാത്രമാണ്.' അവിടന്ന് പറഞ്ഞു: 'ബയ്അത്തു കൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിനെ ജീവൻ ഏല്പിക്കുക എന്നതാണ്. അതുകൊണ്ടുള്ള ഉദ്ദേശ്യം നമ്മൾ നമ്മുടെ ജീവൻ ഇന്ന് അല്ലാഹുവിന്റെ കൈയിൽ വിറ്റിരിക്കുന്നുവെന്നാണ്.'(മൽഫൂദാത്ത് വാള്യം 7, പേജ് 29,1985 ലണ്ടൻ പതിപ്പ്)

അതിനാൽ ഇതൊരു നിസാര പ്രവൃത്തിയല്ല. നമ്മൾ നമ്മുടെ ഏതെങ്കിലും സാധനം വിറ്റാൽ പിന്നീട് അതിൽ നമുക്കൊരു അവകാശവും ഉണ്ടാകുകയില്ല. എന്നല്ല ആർക്കാണോ വിറ്റത് അയാൾ അതിന്റെ ഉടമസ്ഥനായിത്തീരുകയും ചെയ്യുന്നു. പിന്നീട് അയാൾ തന്റെ ഇഷ്ടമനുസരിച്ച് അതുപയോഗിക്കുന്നു. ഈ അവസ്ഥയാണ് നമ്മൾ നമ്മുടെമേൽ ഉണ്ടാക്കേണ്ടത്. നമ്മുടെ ജീവനെ കുറിച്ച് ഈ ചിന്താഗതിയാണ് നമ്മൾ വെച്ചുപുലർത്തേണ്ടത്. ഈ ചിന്തയും അവസ്ഥയും കരസ്ഥമാക്കുന്നതിനുവേണ്ടി അവിടന്ന് പറഞ്ഞു:

'ബയ്അത്ത് ചെയ്യുന്നയാൾ ഒന്നാമതായി വിനയവും വണക്കവും സ്വീകരിക്കേണ്ടതായി വരുന്നു. അഹങ്കാരത്തിൽ നിന്നും സ്വാർഥതയിൽനിന്നും വേർപെടേണ്ടതായി വരുന്നു.' അഹങ്കാരത്തിൽ നിന്നും സ്വാർഥതയിൽനിന്നും വേർപെടേണ്ടതായി വരുന്നുവെന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളാണ്. ചിലയാളുകളിൽ അഹങ്കാരത്തിന്റേയും സ്വാർഥതയുടേയും അവസ്ഥ എത്ര മാത്രമാണെന്നാൽ, ഒരു ഭാരവാഹി മറ്റൊരു ഭാരവാഹിയോടു ദ്വേഷപ്പെട്ട് ഞാൻ ഉണ്ടായിരുന്ന ഒരു സ്ഥലത്ത് മസ്ജിദിൽ നമസ്കാരങ്ങൾക്ക് വന്നില്ല. ആ ഭാരവാഹിയുമായി അയാളുടെ ബന്ധങ്ങൾ ശരിയല്ലായിരുന്നു എന്നതാണ് കാരണം. അഹങ്കാരവും സ്വാർഥതയും ഏതു പരിധിവരെ വർധിച്ചിരിക്കുന്നുവെന്നാൽ, ഖിലാഫത്തിന് ബയ്അത്ത് ചെയ്തിരിക്കുന്നുവെന്ന വാദമുണ്ടെങ്കിലും അതൊന്നും പരിഗണിക്കുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ബയ്അത്ത് ചെയ്തിട്ടുണ്ടെങ്കിൽ അഹങ്കാരത്തിൽനിന്നും സ്വാർഥതയിൽനിന്നും വേർപെടേണ്ടതായിവരും. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'അപ്പോഴാണ് അത് കിളിർക്കാൻ യോഗ്യതയുള്ളതാകുന്നത്. പക്ഷേ, ബയ്അത്തിനോടൊപ്പം സ്വാർഥതയും വെച്ചുപുലർത്തുന്നവന് ഒരിക്കലും അനുഗ്രഹം കരസ്ഥമാകുകയില്ല.' (മൽഫൂദാത്ത് വാള്യം 6, പേജ് 173,1985 ലണ്ടൻ പതിപ്പ്)

നാവുകൊണ്ടുള്ള വാദം എന്തായാലുമുണ്ട്. കണ്ടുമുട്ടുമ്പോൾ വളരെ ആദരവോടുകൂടി കാണുന്നതുമായിരിക്കും. പക്ഷേ, പരസ്പരമുള്ള വൈരാഗ്യം കാരണത്താൽ, ഒരു ഭാരവാഹിയായിരുന്നിട്ടും ഖലീഫ അവിടെ ഉണ്ടെന്നും ഖലീഫയുടെ പിന്നിൽ നമസ്കരിക്കാൻ പോകണമെന്നും, മറ്റു ഭാരവാഹികൾക്കു വേണ്ടിയല്ല, മസ്ജിദിൽ വരുന്നതെന്നുമുള്ള ചിന്തയേയില്ല. ഈ അവസ്ഥയാണ് ഉള്ളതെങ്കിൽ, അത്തരം അഹ്മദിയാകുന്നതുകൊണ്ട് ഒരു ഫലവുമില്ല. ജീവൻ വില്ക്കുക എന്നാൽ, വിനയവും വണക്കവും ഉണ്ടാകുക എന്നാണ്. ഞാൻ എന്ന ഭാവത്തെ കൊല്ലേണ്ടിവരും. അഹങ്കാരത്തിൽനിന്നും സ്വാർഥതയിൽനിന്നും വേർപെടേണ്ടതായിവരും. മനുഷ്യന് അവ

ന്റേതായ ഒന്നും ഉണ്ടാകാൻ പാടില്ല. എല്ലാ കാര്യവും അല്ലാഹുവിന്റെ കല്പനയനുസരിച്ചായിരിക്കണം. ഈ അവസ്ഥ ഉണ്ടായാൽ അല്ലാഹു ആ ജീവനെ പാഴാക്കുകയില്ല. അല്ലാഹുവിന് ജീവൻ നല്കിക്കഴിഞ്ഞൽ, അത്തരം ജീവനെ അല്ലാഹു വിലമതിക്കുന്നു. എല്ലാവിധത്തിലും അതിനെ സംരക്ഷിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

'ബയ്അത്തിന്റെ നേരത്ത് വാഗ്ദാനം ഒന്നും കർമം വേറൊന്നുമാണെങ്കിൽ അത് എത്ര വ്യത്യാസമാണെന്ന് നോക്കുക. നിങ്ങളുടെ സംസാരത്തിൽ എത്രവലിയ വൈരുദ്ധ്യമാണുള്ളത്. നിങ്ങൾ അല്ലാഹുവിനോട് വ്യത്യാസം കാണിക്കുകയാണെങ്കിൽ അവൻ നിങ്ങളോടും വ്യത്യാസം കാണിക്കുന്നതായിരിക്കും."(മൽഫൂദാത്ത് വാല്യം 4, പേജ് 70–71,1985 ലണ്ടൻ പതിപ്പ്)

അവിടന്ന് പറഞ്ഞു: 'അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ഈമാനിന്റേയും കർമങ്ങളുടേയും കണക്കെടുക്കുക; നിങ്ങളുടെ ഹൃദയം അല്ലാഹുവിന്റെ അർശ് ആകുംവിധം നിങ്ങൾ മാറ്റവും ശുദ്ധിയും വരുത്തിയിട്ടുണ്ടോ? നിങ്ങൾ അവന്റെ സംരക്ഷണത്തിന്റെ തണലിൽ വരിക.' (മൽഫൂദാത്ത് വാല്യം4, പേജ് 70 അടിക്കുറിപ്പ്,1985 ലണ്ടൻ പതിപ്പ്)

അവിടന്ന് പറഞ്ഞു: 'ഞാൻ പലപ്രാവശ്യവും എന്റെ ജമാഅത്തിനോടു പറഞ്ഞിട്ടുണ്ട്; നിങ്ങൾ ഈ ബയ്അത്തിൽ മാത്രം വിശ്വസിക്കരുത്, അതിന്റെ യഥാർഥ അവസ്ഥവരെ എത്താത്തിടത്തോളം മോക്ഷമില്ല.'(മൽഫൂദാത്ത് വാല്യം 4, പേജ് 232 –233,1985 ലണ്ടൻ പതിപ്പ്)

അവിടന്ന് പറഞ്ഞു: 'ഞാൻ നിങ്ങളെ വീണ്ടും വീണ്ടും ഉപദേശിക്കുകയാണ്, സ്വഹാബത്ത് തങ്ങളിൽ മാറ്റം വരുത്തിയതുപോലെ നിങ്ങൾ പരിശുദ്ധരും വെടിപ്പുള്ളവരുമാകുക."(മൽഫൂദാത്ത് വാല്യം 4, പേജ് 70,1985 ലണ്ടൻ പതിപ്പ്)

അതുകൊണ്ട് സ്വഹാബത്തിനെ നോക്കുക. എത്രമാത്രം പരിശുദ്ധമായ മാറ്റമായിരുന്നു. അവർ വർഷങ്ങളായി എന്നല്ല തലമുറകളായി നിലനിന്നുവന്ന ശത്രുതകളെ അല്ലാഹുവിനുവേണ്ടി മാത്രം സ്നേഹത്തിലും പ്രീതിയിലും സാഹോദര്യത്തിലും മാറ്റി; അല്ലാതെ കുറച്ചു മിനിറ്റുനേരത്തെ വൈരാഗ്യം കൊണ്ട് മസ്ജിദുകളിൽ വരുന്നത് ഉപേക്ഷിക്കുക എന്നതല്ല. സ്വന്തം ജീവനെ വിറ്റു. തികച്ചും അജ്ഞരായിരുന്ന അവർ വിദ്യാസമ്പന്നരായി. വിദ്യാസമ്പന്നതയിൽനിന്ന് ആത്മസിദ്ധികളോടു കൂടിയ ദൈവഭക്തരായിത്തീർന്നു. ഇന്നു മുതൽ തങ്ങളുടേതായി ഒന്നുമില്ലെന്നും സർവവും അല്ലാഹുവിന്റേതാണെന്നുമുള്ള കാര്യം അവർ മനസ്സുകൊണ്ടും പ്രാണൻകൊണ്ടും വിശ്വസിച്ചു. അവർ ശിർക്കിൽനിന്ന് തൗബ ചെയ്തപ്പോൾ സൂക്ഷ്മമായ ശിർക്കിൽനിന്നുപോലും രക്ഷപ്പെടാൻ ശ്രമിച്ചു. സൂക്ഷ്മമായ ശിർക്കെന്താണ്? അതു വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'കല്ല് തുടങ്ങിയവയെ പൂജിക്കുക എന്നതു മാത്രമല്ല ശിർക്ക് കൊണ്ടുള്ള ഉദ്ദേശ്യം. പ്രത്യുത കാര്യഹേതുക്കളെ പൂജിക്കുക എന്നതും ശിർക്കാണ്; ഭൗതികനേട്ടങ്ങൾ കരസ്ഥമാക്കാൻവേണ്ടി ശക്തി ഉപയോഗിക്കുക."(മൽഫൂദാത്ത് വാല്യം 6, പേജ് 18–19,1985 ലണ്ടൻ പതിപ്പ്)

ഭൗതിക ആരാധ്യവസ്തുക്കൾ എന്താണ്? ഭൗതികമായ നേട്ടങ്ങളാണ്! അവയ്ക്കുവേണ്ടി മനുഷ്യൻ ദീനിന്റെ കല്പനകളേയും ദൈവകല്പനകളേയും പിൻപുറം തള്ളിക്കളയുന്നു. നബി(സ)തിരുമേനി പറഞ്ഞു: കർമങ്ങൾ പ്രദർശനപരതയോടെ ചെയ്യുന്നതും, കാണിക്കാൻവേണ്ടിയും ചെയ്യുന്നതും രഹസ്യമായ മോഹങ്ങളിൽ അകപ്പെടുന്നതും ശിർക്കാണ്.'(മുസ്തദർക് ലിൽ ഹാക്കിം വാല്യം 4 പേജ് 366, കിതാബുർരിഖാഖ് ഹദീഥ് 7940, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

ആരെങ്കിലും മതപരമായ കല്പന പിൻപുറം തള്ളി ഭൗതികമായ ആഗ്രഹങ്ങൾ പൂർത്തിയാക്കുകയാണെങ്കിൽ അവൻ ശിർക്കിന്നിരയായിത്തീരുന്നു. സ്വഹാബാക്കളിൽ അല്ലാഹുവിനോടുള്ള ഭയം എത്രമാത്രമായിരുന്നുവെന്നാൽ ഒരു സ്വഹാബിയെ കുറിച്ച് പറയുന്നു, ഒരിക്കൽ അദ്ദേഹം ഇരുന്ന് കരയുകയായിരുന്നു. ആരോ എന്തിനാണ് കരയുന്നതെന്ന് അദ്ദേഹത്തോടു ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'എന്റെ ഉമ്മത്തിനെ സംബന്ധിച്ച് ശിർക്കിനേയും ഗോപ്യമായ ഇച്ഛകളേയും ഞാൻ ഭയപ്പെടുന്നു.' എന്ന് നബി(സ)തിരുമേനി പറഞ്ഞ കാര്യം ഞാനോർത്തുപോകുകയാണ്. (മുസനദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 5, പേജ് 835, മുസ്നദ് ശദ്ദാദ് ബിൻ ഔസ് ഹദീഥ് 17250, പ്രസാധകർ ആലമുൽ കുതുബ് ബേറൂത്ത് 1998)

അല്ലാഹുവിനോടുള്ള ഭയത്തിന്റേയും ശിർക്കിൽനിന്ന് രക്ഷപ്പെടുന്നതിന്റേയും ഈ സ്ഥാനമായിരുന്നു സ്വഹാബത്തിന്റേത്. എന്നല്ല മറ്റുള്ളവരെ സംബന്ധിച്ചും അവർക്ക് ബോധവും ഗോപ്യമായ ശിർക്ക് ചെയ്യുന്ന ആളുകൾ ഉമ്മത്തിലുണ്ടാകുമോ? എന്ന ആശങ്കയുമുണ്ടായിരുന്നു. അവരുടെ മനസ്സിൽ ഒരു വിചാരമുണ്ടാകുകയും ആ വിചാരത്താൽ അവരുടെ ശരീരം വിറകൊള്ളുകയും ചെയ്തു. അവർ ചിന്തിച്ച് കരയാൻ തുടങ്ങി. ഇതായിരുന്നു അവസ്ഥ. ഇതിൽനിന്ന് മനുഷ്യൻ യഥാർഥമായ നിലയിൽ ഏകദൈവവിശ്വാസിയും ഒരു ദൈവത്തെ ആരാധിക്കുന്നവനുമായിത്തീരുന്നു. അല്ലെങ്കിൽ അങ്ങനെ ആകാൻ അവന് കഴിയും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"മനസ്സിൽ ആയിരക്കണക്കിന് ബിംബം ഒരുമിച്ചു കൂടിയിരിക്കുകയും വായകൊണ്ട് *ലാഇലാഹ ഇല്ലല്ലാഹ്* എന്നു പറയുകയും ചെയ്യുന്നതിന്റെ പേരല്ല തൗഹീദ്. എന്നല്ല ആരാണോ ഏതെങ്കിലും സ്വന്തം പ്രവൃത്തിക്കും ചതിക്കും വഞ്ചനയ്ക്കും ഉപായങ്ങൾക്കും അല്ലാഹുവിനു കൊടുക്കുന്ന മഹത്വം കൊടുക്കുന്നത് അല്ലെങ്കിൽ അല്ലാഹുവിൽ വിശ്വാസമർപ്പിക്കേണ്ടുന്ന സ്ഥാനത്ത് ഏതെങ്കിലും മനുഷ്യനിൽ വിശ്വാസമർപ്പിക്കുന്നത്, അല്ലാഹുവിന് കൊടുക്കുന്ന ആദരവ് തന്റെ സ്വന്തം ആത്മാവിന് നല്കുന്നത്, ഈ എല്ലാ രീതികളിലും അവൻ അല്ലാഹുവിന്റെ പക്കൽ ബിംബാരാധകനാണ്.".... അവിടന്ന് പറഞ്ഞു: "എല്ലാ ഓരോ കാര്യത്തിനും അല്ലെങ്കിൽ വാക്കിനും പ്രവൃത്തിക്കും അല്ലാഹുവിന് അർഹതപ്പെട്ട മഹത്വം നല്കുന്നത് അല്ലാഹുവിന്റെ ദൃഷ്ടിയിൽ ബിംബമാണ്...... ഓർമിക്കുക! ഏതൊരു തൗഹീദിന്റെ ഏറ്റുപറച്ചിലാണോ അല്ലാഹു നമ്മളിൽനിന്നാഗ്രഹിക്കുന്നത്, ഏതൊരു ഏറ്റുപറച്ചിലുമായാണോ മോക്ഷം ബന്ധപ്പെട്ടിരിക്കുന്നത് അതിതാണ്; അല്ലാഹുവിനെ അവന്റെ സത്തയിൽ എല്ലാ ഓരോ ശിർക്കിൽനിന്നും അത് ബിംബമാകട്ടെ മനുഷ്യനാവട്ടെ സൂര്യനാവട്ടെ ചന്ദ്രനാവട്ടെ സ്വന്തം ഇച്ഛയാവട്ടെ, സ്വന്തം ഉപായമാവട്ടെ, ചതിയാവട്ടെ, വഞ്ചനയാവട്ടെ–അന്യൂനമായി മനസ്സിലാക്കുക. അവനെതിരിൽ ഒന്നിനേയും കഴിവുറ്റവനായി കരുതാതിരിക്കുക. ജീവിതവിഭവം നല്കുന്നവനായി മറ്റാരേയും വിശ്വസിക്കാതിരിക്കുക. ആരേയും വഴിതെറ്റിക്കുന്നവനും ആദരിക്കുന്നവനുമായി വിചാരിക്കാതിരിക്കുക.'(സിറാജുദ്ദീൻ ഈസായി കെ ചാർ സവാലോം കാ ജവാബ്, റൂഹാനീ ഖസാഇൻ വാല്യം 12, പേജ് 349–350)

ആദരവ് നല്കുന്നവനും ആരെയെങ്കിലും നിന്ദിക്കുന്നവനും ആരെങ്കിലമുണ്ടെന്ന് ധരിക്കാതിരി ക്കുക; അതായത് ആരെങ്കിലുമായിട്ടാണ് തന്റെ ആദരവും നിന്ദ്യതയും ബന്ധപ്പെട്ടിരിക്കുന്നതെന്ന് കരുതാതിരിക്കുക. എന്നല്ല അല്ലാഹുവിൽ മാത്രം ഇക്കാര്യങ്ങളെല്ലാം വിശ്വാസമർപ്പിക്കുക. ഇക്കാര്യമാണ് ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ നിബന്ധന. അതാണ് അഹ്മദിയ്യത്തിന്റേയും യഥാർഥ ഇസ്‌ലാമിന്റേയും അടിസ്ഥാനപരമായ നിബന്ധന.

ആളുകൾ ഖലീഫയ്ക്ക് കാലത്തിന്റെ ഖലീഫയെന്നതിനെക്കാൾ ഉയർന്ന സ്ഥാനം നല്കുന്നുവെന്നും അത് ശിർക്കിന്റെ തലംവരെ എത്തിയിട്ടുണ്ടെന്നും ആരോ എന്നോടു പറഞ്ഞു. നബി(സ) തിരുമേനിയുടെ സേവകനായി ലോകത്തുനിന്ന് ശിർക്ക് അവസാനിപ്പിക്കാനാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്നിട്ടുള്ളത്. അപ്പോൾ സത്യസന്ധമായ ഖിലാഫത്ത് ഏതെങ്കിലും തരത്തിലുള്ള ശിർക്ക് വർധിപ്പിക്കുന്നതോ അതിനെ പ്രോത്സാഹിപ്പിക്കുന്നതോ ആകുക സംഭാവ്യമല്ല. ഖിലാഫത്തിന്റെ അടിസ്ഥാനപരമായ ജോലിതന്നെ ശിർക്ക് അവസാനിപ്പിക്കുകയും തൗഹീദ് സ്ഥാപിക്കുകയും ചെയ്യുക എന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഏതോ മിഷൻ സ്ഥാപിക്കുന്നതിനുവേണ്ടിയാണോ നിയോഗിതനായത് അതിന്റെ സമ്പൂർത്തീകരണമാണ്. ഏതെങ്കിലും വ്യക്തിക്ക് കാലത്തിന്റെ ഖലീഫയോടുള്ള ആദരവിന്റേയും ബഹുമാനത്തിന്റേയും രീതി കണ്ട്, ആരെങ്കിലും ഇങ്ങനെ മനസ്സിലാക്കുന്നുവെങ്കിൽ അയാൾ തന്റെ അഭിപ്രായം സ്ഥാപിക്കുന്നതിനു പകരം താൻ വെച്ചുപുലർത്തുന്നത് ദുർധാരണയാണോ എന്ന് ചിന്തിക്കുകയാണ് വേണ്ടത്. ദുർഭാവനയാണെങ്കിൽ, അത്തരക്കാർ അതിൽനിന്ന് രക്ഷപ്പെടേണ്ടതാണ്. ഇനി ആരെങ്കിലും ഇപ്പറഞ്ഞതുപോലെ അതിക്രമിച്ചിട്ടുണ്ടെങ്കിൽ– കാലത്തിന്റെ ഖലീഫക്ക് നഊദുബില്ലാഹ് ശിർക്കിന് സമാനമായ സ്ഥാനം നല്കുന്നുവെങ്കിൽ– അയാൾ ഇസ്തിഗ്ഫാർ ചെയ്യേണ്ടതാണ്. സൂക്ഷിക്കുകയും വേണ്ടതാണ്. അങ്ങനെ ഞാൻ ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. ഇഷ്ടപ്പെട്ടിട്ടുമില്ല. എനിക്ക് മുമ്പേയുള്ള ഖലീഫമാരും ഇഷ്ടപ്പെട്ടിട്ടില്ല. ഭാവിയിൽ വരുന്ന ഖലീഫമാരും ഇൻശാഅല്ലാഹ് അത് ഇഷ്ടപ്പെടുകയില്ല; തങ്ങളുടെ വ്യക്തിത്വത്തിന് എന്തെങ്കിലും പ്രാധാന്യമുണ്ടെന്ന്! ഖിലാഫത്തിനോടുള്ള ആദരവ് നിലനിറുത്തേണ്ടത് കാലത്തിന്റെ ഖലീഫയുടെ ജോലിയാണ്. അത് അദ്ദേഹത്തിന്റെ ഉത്തരവാദിത്വമാണ്. അത് അദ്ദേഹം ചെയ്യുന്നതായിരിക്കും. അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ അനുസരിച്ചും നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ചും ഖിലാഫത്ത് മുഖേന തൗഹീദിന്റെ സന്ദേശം ലോകത്ത് പ്രചരിപ്പിക്കുകയും ലോകത്തുനിന്ന് ശിർക്ക് അവസാനിപ്പിക്കുകയും ചെയ്യേണ്ടതുള്ളതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ചില പക്വമാകാത്ത മനസ്സുകളിലാണ് അത്തരം ചിന്താഗതികൾ തർബിയ്യത്തിന്റെ കുറവ് കാരണത്താൽ പൊന്തിവരുന്നത്. അത് അവർ തങ്ങളുടെ മനസ്സുകളിൽനിന്ന് പുറത്തുകളയേണ്ടതാണ്.

തൗഹീദിന്റെ സ്ഥാപനത്തിനുള്ള ശ്രമവും ശിർക്കിൽനിന്ന് തന്നെ വിശ്വസിക്കുന്നവരുടെ മനസ്സു

**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്ബ ജുമുഅ, 2017 മെയ് 5)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

**"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

കളെ പരിശുദ്ധമാക്കുന്നതിനുമുള്ള സുപ്രധാന ജോലിക്കുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളോടു പറഞ്ഞു: "നമുക്ക് ബയ്അത്ത് ചെയ്തിട്ടുള്ളവർ കളവിൽനിന്നും സ്വഭാവപരമായ ദൂഷ്യങ്ങളിൽനിന്നും രക്ഷപ്പെടേണ്ടതാണ്."

അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: *ഫജ്ത്തനിബുർരിജസ മിനൽ ഔഥാനി വജ്ത്തനിബു ഖൗലസ്സൂറി*(22:31) ബിംബങ്ങളുടെ മാലിന്യത്തിൽ നിന്നും അകന്നു നിൽക്കുകയും കള്ളം പറയുന്നതിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനു വിശദീകരണം നല്കികൊണ്ട് പറയുന്നു:

'വിശുദ്ധഖുർആൻ കളവിനേയും ഒരു മാലിന്യമെന്നും 'രിജ്സ് 'എന്നും പറഞ്ഞിരിക്കുന്നു.' വൃത്തികെട്ട കാര്യമായി പറഞ്ഞിരിക്കുന്നു. അശുദ്ധമായ കാര്യമായി പറഞ്ഞിരിക്കുന്നു. അവിടന്നു പറയുന്നു: 'നോക്കുക! ഈ വചനത്തിൽ കളവിനെ ബിംബത്തിനു അഭിമുഖമായി വെച്ചിരിക്കുന്നു. യഥാർഥത്തിൽ കളവും ഒരു ബിംബമാണ്. ഇല്ലെങ്കിൽ എന്തിനാണ് സത്യത്തെവിട്ടുകൊണ്ട് മറുഭാഗത്തേക്ക് പോകുന്നത്. ബിംബത്തിന്റെ കീഴെ ഒരു യഥാർഥ്യവുമില്ലാത്തതു പോലെ കളവിന്റെ കീഴിലും സ്വർണം പൂശലല്ലാതെ ഒന്നും തന്നെ ഉണ്ടാകുകയില്ല.'(മൽഫൂദാത്ത് വാള്യം 3, പേജ് 350,1985 ലണ്ടൻ പതിപ്പ്)

കളവിന്റെ കീഴെ ഒരു കൃത്രിമം മാത്രമാണുള്ളത്. ബാഹ്യമായ പദങ്ങളെ പഞ്ചസാരമുക്കി (sugar-coat) അവതരിപ്പിക്കപ്പെടുന്നു. അല്ലെങ്കിൽ ഏതെങ്കിലും എഴുത്താണെങ്കിൽ അത് ഇങ്ങനെ അവതരിപ്പിക്കുന്നു. മനോഹരമാക്കി കാണിക്കപ്പെടുന്നു. അതിന്റെ ഉള്ളിൽ ഒന്നും തന്നെയില്ല.

വീണ്ടും അവിടന്ന് പറയുന്നു:

കളവും ഒരു ബിംബമാണ്. അതിൽ ഭരമേല്പ്പിക്കുന്നവൻ അല്ലാഹുവിലുള്ള ഭരമേല്പിക്കൽ ഉപേക്ഷിക്കുന്നു. കളവുപറയുന്നതിനാൽ അല്ലാഹുവിന്റെ കൈയിൽനിന്നും പുറത്തുപോകുന്നു.' (ഇസ്ലാമീ ഉസ്വൂൽ കി ഫലാസഫി, റൂഹാനീ ഖസാഇൻ വാള്യം 10 പേജ് 361).

അതിനാൽ തൗഹീദിന്റെ വാദമുണ്ടെങ്കിൽ അല്ലാഹുവിനെ ആരാധിക്കുന്നുവെന്ന വാദമുണ്ടെങ്കിൽ, യഥാർഥ മുസ്ലിമാണെന്ന വാദമുണ്ടെങ്കിൽ കളവിനെ നമ്മുടെ ഉള്ളിൽ നിന്ന് നമുക്ക് പുറത്താക്കേണ്ടിവരും. കളവാക്കുന്നവനേയും പുറത്താക്കേണ്ടിവരും. ചിലയാളുകൾ നിസ്സാര കാര്യങ്ങൾക്കുവേണ്ടി കളവ് ചെയ്യുന്നു. ഇതൊരു മുഅ്മിനു ചേർന്നതല്ല. ചില ചെറിയ ചെറിയ തെറ്റായ വിവരങ്ങൾ കളവല്ലെന്ന് മനസിലാക്കരുത്. അതും കളവാണ്. തൗഹീദിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്ന കാര്യമാണ്. പരസ്പരമുള്ള ഒരുപാട് പ്രശ്നങ്ങളുണ്ട്. വഴക്കുകൾ ഉണ്ട്, അതെങ്ങനെയുള്ള കാര്യമാണെന്നാൽ മനുഷ്യൻ കളവോടു കൂടി പ്രവർത്തിച്ച് തനിക്കനുകൂലമായി ചില തീരുമാനങ്ങൾ എടുപ്പിക്കുന്നു. നബി(സ) തിരുമേനി എത്ര സൂക്ഷ്മതയോടുകൂടിയാണ് കളവിനെ പറ്റി ജാഗ്രതപ്പെടുത്തിയത്. മനുഷ്യൻ അതിൽ ചിന്തിക്കുകയാണെങ്കിൽ അവന്റെ രോമങ്ങൾ എഴുന്നുനില്ക്കുന്നതാണ്. നബി(സ) തിരുമേനി പറഞ്ഞു: 'ആരെങ്കിലും ഒരു ചെറിയ കുട്ടിയോടു നീ വരു നിനക്ക് ഇന്നത് തരാം എന്നു പറഞ്ഞിട്ട് അതുകൊടുക്കുന്നില്ലെങ്കിൽ അതും കളവിൽ എണ്ണപ്പെടുന്നതാണ്.'(സുനൻ അബീദാവൂദ്, കിതാബുൽ അദബ്, ബാബു ഫിത്തശ്ദീദി ഫിൽ കദിബി, ഹദീഥ് 4991)

തമാശാ രൂപത്തിൽ പറയുന്ന കളവും കളവു തന്നെയാണ്. പിന്നീട് തുടർന്നു പറഞ്ഞു: 'കളവു പാപത്തിലേക്കും ആജ്ഞാലംഘനത്തിലേക്കും കുറ്റകൃത്യത്തിലേക്കും കൊണ്ടുപോകുന്നു; ആജ്ഞാലംഘനവും കുറ്റകൃത്യവും നരകത്തിലേക്കും!' ആജ്ഞാലംഘനവും കുറ്റകൃത്യവും കൊണ്ടുള്ള ഉദ്ദേശ്യം സത്യസന്ധതയിൽനിന്ന് വളരെ ദൂരം അകറ്റികൊണ്ടുപോകുന്നത് എന്നും അങ്ങേയറ്റം പാപം ചെയ്യുന്നവൻ എന്നുമാണ്. അതു കൊണ്ട് നമ്മൾ സത്യസന്ധതയിൽ ഏതു ഉന്നതമായ നിലവാരത്തിലാണുള്ളതെന്നും അല്ലെങ്കിൽ സ്വർഗത്തിലേക്ക് കൊണ്ടുപോകുന്നതെന്ന് നബി(സ) വിവരിച്ച സത്യസന്ധതയുടെ ആ ഉന്നതനിലവാരത്തിലാണൊ ഉള്ളതെന്നും എപ്പോഴും ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്.(സുനൻ അബീദാവൂദ്, കിതാബുൽ അദബ്, ബാബു ഫിത്തശ്ദീദി ഫിൽ കദിബി, ഹദീഥ് 4989)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രത്യേകമായ നിലയിൽ വിവരിച്ച മറ്റൊരു തിന്മയാണ് വ്യഭിചാരം. തന്നെ വിശ്വസിക്കുന്നവർ അതിൽ നിന്ന് രക്ഷപ്പെടാമെന്ന് പ്രത്യേകമായ നിലയിൽ അദ്ദേഹം ഉപദേശിച്ചു. എന്നല്ല ബയ്അത്തിന്റെ നിബന്ധനകളിലും അതുണ്ട്.' (ഇസാലയെ ഔഹാം റൂഹാനീ ഖസാഇൻ വാള്യം 3 പേജ് 63)

വ്യഭിചാരമെന്നു പറയുന്നത് തെറ്റായ ശാരീരിക ബന്ധം കാരണത്താലുണ്ടാകുന്ന ബാഹ്യമായ വ്യഭിചാരം മാത്രമല്ല. മറിച്ച് അവിടന്ന് പറഞ്ഞു: 'അല്ലാഹു പറയുന്നത് വലാ തഖ്റബുസ്സിന്നാ എന്നാണ്. അതായത് വ്യഭിചാരം കൊള്ള അടുക്കരുത്. അത്തരം പരിപാടികളിൽനിന്ന് അകന്നിരിക്കുക.' അത്തരം ചിന്ത വരാനിടയുള്ള അവസരങ്ങളിൽനിന്ന് അകന്നിരിക്കുക. ചെയ്യുകയല്ല, ചിന്തപോലും മനസ്സിലുണ്ടാകാതിരിക്കുക. ആ വഴികൾ സ്വീകരിക്കാതിരിക്കുക. പറഞ്ഞു: ' പാപം സംഭവിക്കുമെന്ന ആശങ്കയുണ്ടാകാനിടയുള്ള ആ വഴികൾ സ്വീകരിക്കാതിരിക്കുക.'(ഇസ്ലാമി ഉസ്വൂൽ കി ഫലാസഫി, റൂഹാനീ ഖസാഇൻ വാള്യം 10 പേജ് 342)

വ്യഭിചാരത്തിലേക്ക് കൊണ്ടുപോകുമെന്നു തോന്നുന്ന ഒരു വഴിയും സ്വീരിക്കാതിരിക്കുക. ഇക്കാലഘട്ടത്തിൽ ടി.വിയുണ്ട് ഇന്റർനെറ്റ് ഉണ്ട്. അതിൽ പ്രദർശിപ്പിക്കുന്ന സിനിമകൾ വ്യഭിചാരം പരസ്യമായി പ്രചരിപ്പിക്കുന്നതാണ്. അതിൽ നിന്ന് രക്ഷപ്പെടേണ്ടത് എല്ലാ ഓരോ അഹ്മദിയുടേയും ജോലിയാണ്. വഴക്കുകളും കലഹങ്ങളും ഒരുപാടു വീടുകളിലുണ്ട്. ധാരാളം വീടുകൾ ഇക്കാരണത്താൽ ശിഥിലമാകുന്നു; ശിഥിലമായിക്കഴിഞ്ഞിരിക്കുന്നു; ഭർത്താവ് സിനിമയും കണ്ടിരിക്കുന്നു. ഇന്റർനെറ്റിൽ മുഴുകിയിരിക്കുന്നു. തെറ്റായ ചിന്താഗതികളുണ്ടാകുന്നു. പല യുവാക്കളും ഇക്കാരണത്താൽ നാശമടഞ്ഞുകൊണ്ടിരിക്കുന്നു. തെറ്റായ സഹവാസത്തിൽ വീണുകൊണ്ടിരിക്കുന്നു. കാരണ നഗ്നവും മോശമായ സിനിമകളും കാണുന്ന ശീലമാണുള്ളത്. ഈ നാമമാത്രമായ വികസ്വരസമൂഹം അതിനെ ആവിഷ്കാരസ്വാതന്ത്ര്യവും അഭിവൃദ്ധിയുമായി മനസിലാക്കുന്നു. പക്ഷേ, നമ്മൾ നമ്മളെ ഈ തിന്മകളിൽ നിന്നും സംരക്ഷിക്കേണ്ടതാണ്. ഇതിൽ നഷ്ടങ്ങളുണ്ടെന്നു അവർ തന്നെ പറയാൻ തുടങ്ങിയിരിക്കുന്നു. നിങ്ങൾ സ്വയം പോയി പോർണോഗ്രഫിയുടെ ഫിലിമുകളുടെ ഇൻഫർമേഷൻ എടുക്കുകയാണെങ്കിൽ, അതിൽ ഇത് വ്യഭിചാരത്തിലേക്ക് കൊണ്ടുപോയികൊണ്ടിരിക്കുന്നു എന്നതിന്റെ വിവരങ്ങൾ നിങ്ങൾക്ക് കിട്ടുന്നതാണ്. ഡൊമസ്റ്റിക് വയലൻസിലേക്ക്(domestic violence) കൊണ്ടുപോയികൊണ്ടിരിക്കുന്നു. അവിഹിതബന്ധങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കുട്ടികളോടുള്ള അതിക്രമങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതെല്ലാം ആ വൃത്തികെട്ട ഫിലിമുകൾ മുഖേനയാണ് ഉണ്ടാകുന്നത്. ഇതിന്റെ വിചാരം പോലും മനസിലുണ്ടാകരുതെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. വിചാരമുണ്ടാകുകയാണെങ്കിൽ അതിൽ നിന്ന് രക്ഷപ്പെടുക. ഈ കാര്യങ്ങൾ കാണുന്നതുകൊണ്ട് ഇപ്പോൾ ഇതെല്ലാം തെറ്റായി മാറുന്നുവെന്ന് സ്ഥാപിതമായികൊണ്ടിരിക്കുന്നു. ഒരു അഹ്മദി പ്രത്യേകമായും ഇക്കാര്യങ്ങളിൽ നിന്ന് രക്ഷപ്പെടേണ്ടതാണ്.

ഒരു യഥാർഥ അഹ്മദിയാകുന്നതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)എല്ലാ തരത്തിലുള്ള അക്രമങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിലേക്കും പ്രത്യേകമായും പറഞ്ഞു. അവിടന്ന് പറഞ്ഞു: നിങ്ങൾ എന്നോടുചേർത്ത് നിങ്ങളെ പറയുകയാണെങ്കിൽ ഏതെങ്കിലും ദ്രോഹത്തിന്റേയോ അക്രമത്തി ന്റേയോ കലഹങ്ങളുടേയോ ഫിത്നയുടേയോ വിചാരം പോലും മനസിൽ കൊണ്ടുവരരുത്.(മജ്മൂഅ ഇശ്തിഹാറാത്ത് , വാള്യം 3, പേജ് 46047)

ഏറ്റവും വലിയ അക്രമം ഏതാണെന്ന് നബി(സ) തിരുമേനിയോടു ചോദിക്കപ്പെട്ടു. അവിടന്ന് പറഞ്ഞു: ഏറ്റവും വലിയ അക്രമം ആരെങ്കിലും തന്റെ സഹോദരന്റെ അവകാശത്തിൽ നിന്ന് ഒരു മുഴം സ്ഥലം പിടിച്ചെടുക്കുക എന്നതാണ്. രണ്ടു വിരലുകൾക്കുള്ളിൽ വരുന്ന ആ സ്ഥലത്തിന്റെ ഒരു പൊടിക്കല്ല്, അതിന്റെ ഒരു ചെറിയ കഷണം, അക്രമം കൊണ്ടെടുത്തിട്ടുണ്ടെങ്കിൽ ഏറ്റവും ചെറിയ വസ്തുപോലും പിടിച്ചെടുത്തിട്ടുണ്ടെങ്കിൽ അവന്റെ കീഴെയുള്ള സ്ഥലത്തിന്റെ എല്ലാ അടുക്കുകളും അതായത് ആ സ്ഥലത്തിന്റെ കീഴെ ഭൂമിയുടെ എത്ര തിട്ടകളുണ്ടോ അതെല്ലാം വളയമായി അവന്റെ കഴുത്തിലിടുന്നതായിരിക്കും. അവന്റെ കണക്കെടുപ്പ് നടത്തുമ്പോൾ അതു കൊണ്ടൊരു മാലയുണ്ടാക്കി അത് അവന്റെ കഴുത്തിലിടുന്നതാണ്.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 2, പേജ് 59–60, മുസ്നദ് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)ഹദീഥ് 3767)

ഭൂമിയുടെ താഴെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ ആയിരക്കണക്കിന് അട്ടികളുണ്ട്. അതിന്റെ താഴെയുള്ള അട്ടികളെ കുറിച്ച് മനുഷ്യന് സങ്കൽപ്പിക്കാൻ പോലും സാധിക്കുകയില്ല. അപ്പോൾ എത്ര വലിയ ഭാരമായിരിക്കും മനുഷ്യനുമേൽ ഇടുക. ഇക്കാരണത്താൽ ഇത്ര വലിയ ശിക്ഷയാണുള്ളത്. അതു സങ്കല്പിക്കാൻ പോലും മനുഷ്യനു സാധിക്കുകയില്ല. ആരുടേയെങ്കിലും അവകാശങ്ങൾ കൈവശപ്പെടുത്തുന്നത് വളരെ വലിയ അക്രമമാണ്; പാപമാണ്. അന്യരോടു നാം ഇസ്ലാമിന്റെ സവിശേഷഗുണങ്ങൾ പറയുന്നു. മനുഷ്യരോടുള്ള കടമകൾ നിർവഹിക്കുന്നതിന്റെ ഉന്നതമായ നിലവാരം ഇസ്ലാമിക അധ്യാപനത്തിലുണ്ടെന്ന് നമ്മൾ പറയുന്നു. ഇസ്ലാം അവകാശങ്ങൾ കൈവശപ്പെടുത്തുന്നതിനു പകരം അവകാശങ്ങൾ കൊടുക്കാനാണ് പറയുന്നത്. ജനങ്ങളോടു നമ്മൾ വീരവാദത്തോടെ പറയുകയും നമ്മുടെ കർമങ്ങൾ അതിനു വിരുദ്ധമാകുകയുമാണെങ്കിൽ നമ്മൾ പാപികളാണ്; നമ്മൾ

**കലാമുൽ ഇമാം:-**

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്വ അത്യാവശ്യമായ മൂലധനമാണ്." (മൽഫൂദാത്ത്, വാള്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**

കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

**കലാമുൽ ഇമാം:-**

**"ഇസ്ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാള്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**

അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

കളവു പറയുകയാണ്. ഇതും സൂക്ഷ്മതയോടു കൂടി ഓരോ അഹ്മദിയും പരിശോധിക്കേണ്ടതാണ്. നമ്മുടെ കർമം നമ്മുടെ അധ്യാപനമനുസരിച്ചാണെങ്കിൽ നമ്മുടെ തബ്ലീഗും കായ്ക്കുന്നതായിരിക്കും. മറ്റുള്ളവരിലുള്ള നമ്മുടെ സ്വാധീനം നല്ലതായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏതൊരു നിലവാരമാണോ നിശ്ചയിച്ചിട്ടുള്ളത്, വിവരിച്ചതു പോലെ അക്രമത്തിന്റെ വിചാരം പോലും മനസിൽ കൊണ്ടുവരരുത്! അപ്പോൾപിന്നെ ആരുടെയെങ്കിലും മേൽ അക്രമം ചെയ്യാൻ പോകുന്നതെങ്ങനെ!

പിന്നെ അല്ലാഹുവിനെ ആരാധിക്കുക എന്നത് ഒരു മുഅ്മിൻ ആകുന്നതിന് നിർബന്ധ നിബന്ധനയാണ്. എന്നല്ല, അല്ലാഹു മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം തന്നെ ആരാധനയാണെന്നാണ് പറഞ്ഞിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

'എന്റെ ജമാഅത്തിലെന്ന് ഗണിക്കുന്ന അല്ലയോ ജനങ്ങളെ! ആകാശത്തിൽ നിങ്ങൾ എന്റെ ജമാഅത്തിൽ എന്ന് ഗണിക്കപ്പെടുന്നത് യഥാർഥത്തിൽ തഖ്വയുടെ മാർഗങ്ങളിൽ ചുവടു വെക്കുമ്പോഴാണ്. അതിനാൽ, അഞ്ചുനേര നമസ്കാരം അല്ലാഹുവിനെ കാണുന്നുവെന്ന ഭയത്തോടും ഹൃദയസാന്നിധ്യത്തോടും കൂടി നിർവഹിക്കുക.'(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാള്യം 19, പേജ് 15)

പിന്നീട് അവിടന്ന് പറഞ്ഞു: 'എല്ലാ മുസ്ലിംകൾക്കും നമസ്കാരം നിർബന്ധമാണ്. ഹദീഥിൽ വന്നിരിക്കുന്നു. നബി(സ)തിരുമേനിയുടെ അടുത്തുവന്ന് ഒരു ജനത ഇസ്ലാം സ്വീകരിച്ചു. അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഞങ്ങൾക്ക് നമസ്കാരം മാപ്പാക്കിതന്നാലും. കാരണം ഞങ്ങൾ തൊഴിലാളികളാണ്. അഞ്ചുനേരം നമസ്കരിക്കുക എന്നത് ഞങ്ങൾക്ക് വളരെ ബുദ്ധിമുട്ടുള്ള പണിയാണ്. നാല്ക്കാലികൾ തുടങ്ങിയവയും ഞങ്ങളോടൊപ്പമുണ്ട്. വലിയ വലിയ വല്യൂറ വെച്ചിട്ടുള്ളവരാണ്. അവയെ മേയ്ക്കുന്നു. വെളിയിലുള്ള പണിയാണ്. കഠിനധ്വാനമുള്ള ജോലിയാണ്. വസ്ത്രങ്ങളെല്ലാം അഴുക്കായിപ്പോകുന്നു; ശുദ്ധമാണോ എന്ന് വിശ്വസിക്കാൻ പറ്റുകയില്ല. ഞങ്ങൾക്ക് ഒഴിവും ഇല്ല. ഈ തിരക്കുകൾ കാരണത്താൽ 5 നേരം നമസ്കരിക്കാൻ പ്രയാസമാണ്.' നബി(സ) തിരുമേനി പറഞ്ഞു: 'നോക്കൂ! നമസ്കാരമില്ലെങ്കിൽ പിന്നെന്താണ് ബാക്കിയുള്ളത്?' നമസ്കാരമില്ലാത്തത് മതം തന്നെയല്ല. പറയുന്നു: നമസ്കാരം എന്താണ്? സ്വന്തം കഴിവുകേടും വണക്കവും ബലഹീനതകളും അല്ലാഹുവിന്റെ മുമ്പിൽ അവതരിപ്പിക്കുക. അവനോടു സ്വന്തം ആവശ്യം ചോദിക്കുക.' അവിടന്ന് പറയുന്നു: 'ദൈവസ്നേഹത്തിലും അവനോടുള്ള ഭയത്തിലും അവനെ സ്മരിക്കുന്നതിലും മനസ് മുഴുകിയിരിക്കുന്നതിന്റെ പേരാണ് നമസ്കാരം. ഇതാണ് മതം.' പറയുന്നു: ആരാണോ നമസ്കാരത്തിൽ നിന്നുതന്നെ ഒഴിവാകണമെന്ന് ആഗ്രഹിക്കുന്നത് അവൻ മൃഗത്തെക്കാളുപരി എന്താണ് ചെയ്തത്. മൃഗങ്ങളെപ്പോലുള്ള അവസ്ഥയാണ് അവന്റേത്. അതേ തീറ്റിയും കുടിയും, മൃഗങ്ങളെപ്പോലെ ഉറങ്ങിക്കഴിയുക, ഇത് മതമൊരിക്കലുമല്ല. ഇത് നിഷേധികളുടെ ജീവിതമാണ്.' (മൽഫൂദാത്ത് വാള്യം 5, പേജ് 253–254, 1985 ലണ്ടൻ പതിപ്പ്)

മനുഷ്യനേയും മൃഗത്തേയും വേർതിരിച്ചു കാണിക്കുന്ന കാര്യമാണ് ആരാധനയും നമസ്കാരവുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) വ്യക്തമായും പറഞ്ഞു. നമ്മളിൽ നമസ്കാരത്തിലേക്ക് ശ്രദ്ധയില്ലെങ്കിൽ ഏതുകൂട്ടത്തിൽ പെടുന്നുവെന്ന് സ്വയം വിലയിരുത്താവുന്നതാണ്. പല പ്രാവശ്യവും ഞാൻ ഈ ഭാഗത്തേക്ക് ശ്രദ്ധക്ഷണിച്ചുകഴിഞ്ഞിട്ടുള്ളതാണ്. നമസ്കാരസെന്ററോ മസ്ജിദോ ദൂരെയാണെങ്കിൽ അടുത്തുള്ള കുറച്ചു വീട്ടുകാർ പരസ്പരം കൂടിച്ചേർന്ന് ഒരു സ്ഥലം നിശ്ചയിക്കാനും അവിടെ നമസ്കരിക്കാനും പറഞ്ഞുകൊണ്ടേയിരിക്കുന്നു. അതുമുഖേന ജമാഅത്തായ നമസ്കാരത്തിന്റെ പ്രതിഫലം കിട്ടുന്നതോടൊപ്പം നമസ്കാരത്തിലേക്കും ശ്രദ്ധ ഉണ്ടായിരിക്കുന്നതാണ്. അടുത്ത തലമുറയ്ക്കും ഇതു സംബന്ധമായി ശ്രദ്ധയുണ്ടാകും. അവരുടെ പരിഷ്കരണം നടന്നുകൊണ്ടിരിക്കും. അവർക്കും നമസ്കാരത്തിലേക്കും ശ്രദ്ധയുണ്ടാകും. നമ്മൾ മസ്ജിദ് നിർമിക്കാൻ ശ്രമിക്കുന്നു. മസ്ജിദുകൾ നിർമിച്ചുകൊണ്ടിരിക്കുന്നു. നാളെ ഇൻശാഅല്ലാഹ് വിർജീനയിൽ മസ്ജിദിന്റെ ഉദ്ഘാടനം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ നമുക്ക് ആരാധനകളിലേക്ക് ശ്രദ്ധയില്ലെങ്കിൽ ഈ മസ്ജിദുകൾ നിർമിക്കുന്നതുകൊണ്ട് എന്തു ഫലം? ഭാരവാഹികൾ, എല്ലാ ഉപസംഘടനകളുടേയും ഭാരവാഹികളും ജമാഅത്തിന്റെ ഭാരവാഹികളും പൂർണമായും ശ്രദ്ധിക്കുകയാണെങ്കിൽ നമസ്കാരങ്ങളുടെ ഹാജർനില ഇരട്ടിമെച്ചപ്പെടുമെന്ന് ഞാൻ എത്രയോ പ്രാവശ്യം പറയുന്നു. നമ്മുടെ അടുത്ത തലമുറയുടെ ശിക്ഷണവും നടക്കുന്നതാണ്.

നമസ്കാരത്തിന്റെ പ്രാധാന്യത്തെ കുറിച്ച് നബി(സ)തിരുമേനിയുടെ ഒരു നിർദേശമുണ്ട്. അത് തീർചയായും നമ്മുടെ മനസ്സുകളെ പിടിച്ചു കുലുക്കുന്നതാണ്. അവിടന്ന് പറയുന്നു: 'ഖിയാമത്തുന്നാളിൽ ഏറ്റവുമാദ്യം മനുഷ്യരുടെ കണക്കെടുക്കുന്നത് നമസ്കാരത്തെ കുറിച്ചായിരിക്കും. ആ കണക്ക് ശരിയായിരുന്നാൽ അവൻ വിജയിച്ചു. മോക്ഷം പ്രാപിച്ചു. ഈ കണക്കു മോശമായാൽ അവൻ പരാചയപ്പെട്ടു. നഷ്ടപ്പെട്ടവനായി.' (സുനനുന്നസാഈ, കിതാബുസ്സ്വലാത്ത്, ബാബു അൽ മുഹാസബത്തു അലസ്സ്വലാത്തി ഹദീഥ് 466)

അതിനാൽ നമസ്കാരത്തിനോടുള്ള കടമ നിർവഹിക്കാതിരിക്കുന്നത് നിസാര കാര്യമല്ല. അല്ലാഹു എല്ലാ അഹ്മദികൾക്കും ഈ കടമ നിർവഹിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. കടമ കേവലം ഫർള് നമസ്കാരങ്ങൾക്കൊണ്ട് നിർവഹിക്കപ്പെടുകയില്ല. മറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'തഹജ്ജുദ് നമസ്കരിക്കുന്നതിലേക്കും നഫ്ലുകളിലേക്കും ശ്രദ്ധയുണ്ടാകേണ്ടതാണ്. (മൽഫൂദാത്ത് വാള്യം 3, പേജ് 245, 1985 ലണ്ടൻ പതിപ്പ്) നഫ്ലുകൾ അനുഷ്ഠിക്കുന്ന ശീലമുണ്ടെങ്കിൽ നിങ്ങളുടെ ഫർള് നമസ്കാരങ്ങളിലുണ്ടായിട്ടുള്ള കുറവ് ആ നഫ്ലുകൾ മുഖേന അല്ലാഹു പൂർത്തിയാക്കുന്നതാണെന്ന് നബി (സ)തിരുമേനി പറഞ്ഞിട്ടുണ്ട്.(സുനനുന്നസാഈ, കിതാബുസ്സ്വലാത്ത്, ബാബു അൽ മുഹാസബത്തു അലസ്സ്വലാത്തി ഹദീഥ് 466). നഫ്ലുകളും തഹജ്ജുദ് അനുഷ്ഠിക്കുന്നതും പ്രധാനകാര്യമാണ്. അതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്.

അല്ലാഹുവിനോടു സ്വന്തം പാപങ്ങൾക്ക് മാപ്പ് സ്ഥിരമായി ചോദിച്ചുകൊണ്ടിരിക്കുക എന്നത് എല്ലാ അഹ്മദികളും ദൃഷ്ടി പതിപ്പിക്കേണ്ടതായ അങ്ങേയറ്റം അനിവാര്യമായ ഒരു കാര്യമാണ്. മനുഷ്യൻ ബലഹീനനാണ്. ചിലപ്പോൾ തെറ്റുകളിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നുണ്ടായിട്ടും തെറ്റുകൾ ഉണ്ടായിപ്പോകാറുണ്ട്. അല്ലാഹു കേവലം തന്റെ ദാസരുടെ തെറ്റുകൾ പിടിച്ചുകൊണ്ടിരിക്കുന്നവനും ശിക്ഷിക്കുന്നവനും അല്ല. അതുതന്നെ നോക്കിയിരിക്കുന്നവനുമല്ല. മറിച്ച് അല്ലാഹു ആ തെറ്റുകൾ മാപ്പാക്കുന്നവനാണ്. തുടർന്ന് അതിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗവും നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. അതാണ് ഇസ്തിഗ്ഫാർ. നബി (സ) തിരുമേനി പറഞ്ഞു: മനുഷ്യൻ ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുമ്പോൾ അവനെ ശിക്ഷിക്കുന്നവനല്ല അല്ലാഹു.(8:34)

ആളുകൾ ഇസ്തിഗ്ഫാർ ചെയ്തു കൊണ്ടിരിക്കുമ്പോൾ അവർ കുറച്ചു പേരാണെങ്കിലും ധാരാളമാളുകൾക്ക് ശിക്ഷ മാപ്പാക്കപ്പെടുന്നു. അവർ കാരണത്താൽ മറ്റുള്ളവരും രക്ഷപ്പെടുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതു സംബന്ധമായി പറയുന്നു: 'ചിലയാളുകളുണ്ട്. അവർക്ക് പാപത്തെ കുറിച്ച് വിവരമുണ്ടാകുകയില്ല. പാപത്തെ കുറിച്ചറിയുന്ന ചിലരുമുണ്ട്. അതുകൊണ്ടാണ് അല്ലാഹു എന്നെന്നേക്കുമായി ഇസ്തിഗ്ഫാറിന്റെ ഏർപാടു ചെയ്തിരിക്കുന്നത്. വിവരമുണ്ടായാലും ഇല്ലെങ്കിലും വേണ്ടില്ല. ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുക. ഏതു സമയത്ത് ഏതു തെറ്റാണ് സംഭവിക്കാൻ പോകുന്നതെന്ന് മനുഷ്യന് ഒന്നും അറിയില്ല. ആളുകളിൽ പാപം ഉണ്ടായിപ്പോകുന്നു.' അവിടന്ന് പറഞ്ഞു: 'ഇസ്തിഗ്ഫാറിന്റെ ഏർപാട് ചെയ്യിച്ചിരിക്കുന്നു. മനുഷ്യൻ എല്ലാ ഓരോ പാപത്തിനും അത് ബാഹ്യമാകട്ടെ ആന്തരികമാകട്ടെ, അറിവുള്ളതാകട്ടെ അറിവില്ലാത്തതാകട്ടെ, കൈയിൽ നിന്നും കാലിൽ നിന്നും നാവിൽ നിന്നും മൂക്കിൽ നിന്നും, ചെവിയിൽ നിന്നും കണ്ണുകളിൽ നിന്നും ഉണ്ടാകുന്ന എല്ലാ പാപങ്ങളിൽ നിന്നും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുക. അതായത് മനുഷ്യന്റെ എല്ലാ ഓരോ അവയവവും പാപത്തിന് മാർഗമായിത്തീരും. അതുകൊണ്ടാണ് ഓരോ അവയവവും പാപത്തിൽ നിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കാൻ പറഞ്ഞത്. അല്ലാഹുവിന്റെ അഭയത്തിലിരിക്കാൻ ശ്രമിക്കേണ്ടതാണെന്ന് പറഞ്ഞതും അതുകൊണ്ടാണ്. അതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ദുഃആ പഠിപ്പിച്ചു. ഇക്കാലഘട്ടത്തിൽ വിശുദ്ധ ഖുർആനിലെ ഈ ദുഃആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. *റബ്ബനാ ളലംനാ അൻഫുനാ വ ഇൻല്ലം തഗ്ഫിർലനാ വ തർഹംനാ ല നകൂനന്ന മിനൽ ഖാസിരീൻ* (മൽഫൂദാത്ത് വാള്യം 4, പേജ് 275)

ഞങ്ങളുടെ നാഥാ! ഞങ്ങൾ ഞങ്ങളോടു തന്നെ തെറ്റു ചെയ്തു പോയി; നീ ഞങ്ങൾക്ക് പൊറുത്തുതരികയും ഞങ്ങളോട് കരുണ കാട്ടുകയും ചെയാത്ത പക്ഷം തീർച്ചയായും ഞങ്ങൾ നഷ്ടപെട്ടവരിൽപ്പെട്ടുപോകും.

*റബ്ബനാ ളലംനാ അൻഫുസനാ വ ഇൻല്ലം തഗ്ഫിർലനാ വ തർഹംനാ ല നകൂനന്ന മിനൽ ഖാസിരീൻ.*(7:24) അവിടന്ന് പറയുന്നു: "അല്ലാഹുവിനോടു ശക്തി ചോദിക്കുമ്പോൾ അതായത് ഇസ്തിഗ്ഫാർ ചെയ്യുമ്പോൾ റൂഹുൽ ഖുദുസിന്റെ തുണകൊണ്ട് അവരുടെ ബലഹീനതകൾ അകന്നു പോകുന്നതാണ്."(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാള്യം 19, പേജ് 34)

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെ വിശ്വസിക്കുന്നവർക്ക് ഇങ്ങനെയും അടിസ്ഥാനപര

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

## ഹദീസുന്നബ്വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക."**
**(സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

മായ നിബന്ധന വെച്ചിട്ടുണ്ട്. മനുഷ്യരോടുള്ള കടമകൾ നിറവേറ്റുന്നവരാകുക. അല്ലാഹുവിന്റെ സൃഷ്ടികൾക്ക് ഒരു തരത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാക്കരുത്.(ഇസാലയെ ഔഹാം വാള്യം 3 പേജ് 564)

നമ്മുടെ മനസ്സുകളെ എപ്പോഴും എടുത്ത് പരിശോധിച്ചുകൊണ്ടിരിക്കാൻ അവിടന്ന് പറഞ്ഞു: നിങ്ങളുടെ ഉള്ളിൽ അല്ലാഹുവിനോടുള്ള ഭയവും അവനോടുള്ള പേടിയും അതിന്റെ ഫലമായി അവന്റെ സൃഷ്ടികളോടുള്ള സഹതാപവും ഗുണകാംക്ഷയുമുണ്ടോ? ഒരു ഹദീഥിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: നിങ്ങൾ പരസ്പരം അസൂയപ്പെടരുത്. പരസ്പരം കലഹിക്കരുത്. പരസ്പരം വിദ്വേഷം വെക്കരുത്. പരസ്പരം ശത്രുത വെക്കരുത്. ഒരാളുമായി ഒരാൾ കച്ചവടം ചെയ്തുകൊണ്ടിരിക്കുമ്പോൾ നിങ്ങൾ ഇടക്കു കയറി കച്ചവടം ചെയ്യരുത്. പരസ്പരം സഹോദരന്മാരാകുക. മുസ്‌ലിം തന്റെ സഹോദരന്റെ മേൽ അക്രമം ചെയ്യുകയില്ല. അവനെ നിന്ദിക്കുകയില്ല. അവനെ താണവനായി കാണുകയില്ല. ഒരു മനുഷ്യനെ ഉപദ്രവിക്കാൻ തന്റെ മുസ്‌ലിം സഹോദരനെ നിന്ദ്യനായി കാണുന്നതുമാത്രം മതിയായതാണ്. ഓരോ മുസ്‌ലിമിനും മറ്റു മുസ്‌ലിമിന്റെ രക്തവും ധനവും ആഭരണവും നിഷിദ്ധമാണ്. (സ്വഹീഹ് മുസ് ലിം, കിതാബുൽ ബിർരി വസ്സ്വില, ഹദീഥ് 6541)

ഏറ്റവുമധികം അഹ്മദികളായ നമ്മളിൽ വെളിപ്പെടേണ്ട കാര്യമാണിത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരു പരിധിവരെ ഇത് നടന്നു വരുന്നുണ്ട്. എല്ലാ മുസ്‌ലിംകളും ഇന്ന് ഈ യാഥാർഥ്യം മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയുമാണെങ്കിൽ, മുസ്‌ലിം ഭരണ കൂടങ്ങൾ ഇതനുസരിച്ച് പ്രവർത്തിക്കുന്നവരാണെങ്കിൽ ഇക്കാലത്ത് മുസ്‌ലിം മുസ്‌ലിമിന്റെ മേൽ അക്രമം ചെയ്യുന്നതും അവരുടെ ജീവനും സ്വത്തും നശിപ്പിച്ചുകൊണ്ടിരിക്കുന്നതും ആയിരക്കണക്കിന് ലക്ഷക്കണക്കിന് കുട്ടികൾ യത്തീമായികൊണ്ടിരിക്കുന്നതും ലക്ഷക്കണക്കിന് സ്ത്രീകൾ വിധവകളായിക്കൊണ്ടിരിക്കുന്നതും പുരുഷന്മാർ മരിച്ചുകൊണ്ടിരിക്കുന്നതുമൊന്നും ഉണ്ടാകുകയില്ല.

അഹങ്കാരം വളരെ വലിയ തിന്മയാണ്. ഇതിൽ നിന്ന് രക്ഷപ്പെടാൻ അല്ലാഹു വിശുദ്ധ ഖുർആനിൽ നമ്മെ ഉപദേശിച്ചു. നബി (സ)തിരുമേനി ഇത് സംബന്ധിച്ച് ഒരുപാട് പറഞ്ഞു തന്നിട്ടുണ്ട്. അവിടന്ന് പറഞ്ഞു: 'ആരുടെ മനസ്സിലാണോ കടുകിനോളം അഹങ്കാരമുള്ളത് അവന് സ്വർഗത്തിൽ പോകാൻ സാധിക്കുകയില്ല.' (സ്വഹീഹ് മുസ് ലിം, കിതാബുൽഈമാൻ, ഹദീഥ് 267)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'എന്റെ പക്കൽ പരിശുദ്ധനാകുന്നതിനുള്ള ഉത്തമമായ മാർഗമാണിത്. ഇതിനേക്കാൾ ഉത്തമമായ മാർഗം കിട്ടുക സംഭാവ്യമല്ല. മനുഷ്യൻ വൈജ്ഞാനികമോ കുടുംബപരമോ സാമ്പത്തിക പരമോ ആയ ഒരു തരത്തിലുള്ള അഹങ്കാരവും പൊങ്ങച്ചവും കാണിക്കരുത്.' (മൽഫൂദാത്ത് വാള്യം 7, പേജ് 276, 1985 ലണ്ടൻ പതിപ്പ്)

അവിടന്ന് പറയുന്നു: 'ഞാനെന്റെ ജമാഅത്തിനെ ഉപദേശിക്കുകയാണ്. അഹങ്കാരത്തിൽ നിന്ന് രക്ഷപ്പെട്ടുകൊള്ളുക. കാരണം അഹങ്കാരം നമ്മുടെ പ്രതാപവാനായ അല്ലാഹുവിന്റെ കണ്ണുകളിൽ അങ്ങേയറ്റം വെറുക്കപ്പെട്ടതാണ്.' (നുസൂലുൽ മസീഹ്, റൂഹാനീ ഖസാഇൻ വാള്യം 18, പേജ് 402)

നബി (സ)തിരുമേനിയും ഹജ്ജത്തുൽ വിദാഇന്റെ അവസരത്തിൽ പറഞ്ഞു: 'നിങ്ങളെല്ലാവരും, ഏതു ജനതയിലും ഏതു നിലയിലുള്ളവരുമാണെങ്കിലും മനുഷ്യനെന്ന നിലയിൽ ഒരു പദവി ഉൾക്കൊള്ളുന്നവരാണ്. എല്ലാവരും സമന്മാരാണ്. കറുത്തവന് വെളുത്തവന്റെ മേലോ വെളുത്തവന് കറുത്തവന്റെ മേലോ അറബിക്ക് അനറബിയുടെ മേലോ അനറബിക്ക് അറബിയുടെ മേലോ ഒരു മേന്മയുമില്ല'. (അൽജാമിഉ ലിശിഅ്ബിൽ ഈമാൻ, വാള്യം 7, പേജ് 132, ഹദീഥ് 4774, അർറുശ്ദ് നാശിറൂൻ 2003)

അതിനാൽ നമുക്കുള്ളത് വിനയത്തിന്റെ ഈ അധ്യാപനമാണ്. സമത്വത്തിന്റെ ഈ പാഠമാണ്. അഹങ്കാരത്തിൽനിന്നും അഹന്തയിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള ഈ പാഠമാണ്. ഇതനുസരിച്ച് എല്ലാവരും പ്രവർത്തിക്കേണ്ടതാണ്. അമുസ്‌ലിം ലോകത്ത് വെളുത്തവനും കറുത്തവനും തമ്മിൽ വ്യത്യാസം കല്പിക്കപ്പെടുന്നു. ഇപ്പോൾ ചിലർ വെള്ളക്കാരായ ആളുകൾക്ക് കറുത്ത വർഗക്കാരെക്കാൾ ബുദ്ധിപരമായ ശക്തിയും കഴിവും അധികമാണെന്ന് വാദിക്കുന്നു. ഇത് അവരുടെ അഹങ്കാരത്തിന്റെ അവസ്ഥയാണ്. ഓരോ അഹ്മദിയും ഇതിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണ്.

രണ്ടു വിവിധ അവസരങ്ങളിൽ ഞാൻ പങ്കെടുത്ത മജ്‌ലിസുകളിൽ ഇവിടെ അമേരിക്കയിലെ പെൺകുട്ടികൾ ജമാഅത്തിൽ ചില തരത്തിലുള്ള വംശീയ വ്യത്യാസമുണ്ടെന്ന് പ്രകടിപ്പിക്കുകയുണ്ടായി. ഏതെങ്കിലും കാരണത്താൽ യുവതലമുറയിൽ ഇത്തരം ചിന്താഗതി ഉണ്ടാകുന്നെങ്കിൽ അത് തികച്ചും തെറ്റാണ്. ലജ്നയും ഖുദ്ദാമും അൻസ്വാറും ജമാഅത്തിന്റെ തർബിയത്ത് വ്യവസ്ഥതിയും ഇക്കാര്യം വിലയിരുത്തേണ്ടതാണ്. ഈ ചോദ്യം എന്തുകൊണ്ടാണ് ഉണ്ടാകുന്നത്? ഇതിൽ എന്തെങ്കിലും വസ്തുത ഉണ്ടെങ്കിൽ യുക്തിയോടെയും സ്നേഹത്തോടെയും ആ ചിന്താഗതിയും ഇത്തരം ബോധങ്ങളും അകറ്റാൻ ശ്രമിക്കേണ്ടതാണ്. തർബിയ്യത്തും നല്കേണ്ടതാണ്. ഒരു സംഘടനയ്ക്കും ഭാരവാഹിക്കും എടുത്തുചാടി ഇക്കാര്യത്തിൽ പ്രവൃത്തിക്കുകയും തീരുമാനമെടുക്കുകയും ചെയ്യേണ്ട ആവശ്യമില്ല. ആരാണോ പറഞ്ഞത് ആരാണോ പറയാത്തത് എന്ന സംസാരം ഉണ്ടാകേണ്ടതുമില്ല. യാഥാർഥ്യമെന്താണെന്ന് നോക്കുക. ഇല്ലെങ്കിൽ പിന്നെന്തിനാണ് ഇങ്ങനെ ചോദ്യം ഉന്നയിക്കുന്നത്? വ്യക്തിപരമായ വൈരാഗ്യം വല്ലതും കൊണ്ടാണോ ഇക്കാര്യങ്ങൾ ഉണ്ടാകുന്നത്. എന്തായാലും കാരണം എന്തുതന്നെയായാണെങ്കിലും സ്നേഹത്തോടും യുക്തിയോടും കൂടി ഈ തിന്മ നമ്മുടെ ഉള്ളിൽ നിന്നകലേണ്ടതാണ്. ഇവിടെ എന്നോടു പറഞ്ഞ പെൺകുട്ടിയോടും ഞാൻ പറഞ്ഞത് ഇതു തന്നെയാണ്. ജമാഅത്തിൽ വംശീയമായ വകതിരിവ് ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്ന ചിന്ത ഏതു കാരണത്താലാണ് നിങ്ങളിലുണ്ടായതെന്നുള്ള വിവരം എനിക്ക് വിശദമായി എഴുതി അറിയിക്കുക. എന്തായാലും ഇതും അഹങ്കാരത്തിന്റെ ഒരു തരമാണ്. നമുക്ക് എല്ലാ തരം അഹങ്കാരത്തിൽ നിന്നും രക്ഷപ്പെടണം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ ഒരു കാര്യമുണ്ട്. ഇതു സംബന്ധമായി അല്ലാഹുവും കല്പിച്ചിട്ടുണ്ട്. നബി(സ) തിരുമേനിയുടെ നിർദേശങ്ങളുമുണ്ട്. അതാണ് ധനത്യാഗം. അല്ലാഹുവിന്റെ കൃപയാൽ ലോകം മുഴുവനുമുള്ള ജമാഅത്തുകൾ ധനത്യാഗങ്ങളിൽ വളർന്നുകൊണ്ടിരിക്കുകയാണ്. പെട്ടെന്നുണ്ടാകുന്നതും താല്കാലികവുമായ ധനത്യാഗത്തിലും അമേരിക്കയിലെ ജമാഅത്തുകളും അല്ലാഹുവിന്റെ കൃപയാൽ പൂർണമായും പങ്കെടുക്കാൻ ശ്രമിക്കുന്നു. പക്ഷേ, ചന്ദ ആം തുടങ്ങിയ ഔദ്യോഗികമായ സാമ്പത്തിക വ്യവസ്ഥിതിയിൽ, ഇവിടെയും മുന്നിൽവരുന്ന കണക്കുകൾ സൂചിപ്പിക്കുന്നത് വളരെ കുറവുണ്ടെന്നാണ്. ഇതിലേക്ക് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ഒരു ദരിദ്രനായ വ്യക്തിക്ക് തന്റെ നിർബന്ധിതാവസ്ഥ പറഞ്ഞ് ചന്ദ കൊടുക്കുന്നതിൽ കുറവോ അല്ലെങ്കിൽ തോത് കുറക്കുന്നതിനോ പറയാവുന്നതാണ്. അനുവാദമെടുക്കാവുന്നതാണ്. പക്ഷേ, നല്ല വരുമാനമുള്ളവർ ആത്മപരിശോധന നടത്തേണ്ടതാണ്. അവർ തങ്ങളുടെ വരുമാനമനുസരിച്ചാണോ ചന്ദ നല്കുന്നത്? ഇതു മാത്രമല്ല. ടാക്സ് കൊടുക്കുന്നതിന് ധാരാളം ഡിസ്കൗണ്ടുകൾ എടുക്കുന്നതുപോലെ ചന്ദകളിലും എടുക്കാവുന്നതാണ്. നിങ്ങളുടെ വരുമാനം നോക്കുക. കാരണം ഈ ചന്ദ അല്ലാഹുവുമായിട്ടുള്ള കാര്യമാണ്. ചന്ദ കൊടുക്കുന്ന ആളുകളെ സംബന്ധിച്ച് ആർക്കെന്തു വരുമാനമാണുള്ളതെന്ന് സെക്രട്ടറി മാലിനോ ജമാഅത്തിനോ അറിയില്ല. പക്ഷേ അല്ലാഹുവിനറിയാമല്ലോ. അവൻ മനസ്സിലുള്ളത് അറിയുന്നവനാണ്. ശരിയായ തോതനുസരിച്ച് ചന്ദ കൊടുക്കാൻ തുടങ്ങിയാൽ ഞാൻ മനസ്സിലാക്കുന്നത് മസ്ജിദുകളുടെ നിർമാണത്തിനും മറ്റു ജമാഅത്തുപരമായ പ്രവർത്തനങ്ങൾക്കും വളരെ കുറച്ചു ആഹ്വാനമേ ചെയ്യേണ്ടിവരികയുള്ളു എന്നാണ്. ഇതനുസരിച്ച് ആത്മപരിശോധന നടത്തുക. കുറച്ചെഴുതിയിട്ടുള്ളവർ തങ്ങളുടെ ചന്ദ ആമിന്റെ ബജറ്റ് പുനഃപരിശോധിക്കുക.

ഞാൻ വിവിധ രാജ്യങ്ങളിലെ നവ അഹ്മദികളുടെ സംഭവങ്ങളും വിവരിക്കാറുണ്ട്; എങ്ങനെയാണ് അവർ അഹ്മദിയ്യത്ത് സ്വീകരിച്ചതിനു ശേഷം തങ്ങളുടെ ഉള്ളിൽ പരിവർത്തനം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതെന്നും കർമപരമായ നിലയിൽ ആരാധനകളിലേക്ക് ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നതെന്നും. ധനത്യാഗത്തിന്റെ പ്രാധാന്യവും അവർ മനസ്സിലാക്കിക്കൊണ്ടിരിക്കുന്നു. പിന്നീട് അല്ലാഹുവും അവർക്ക് ദാരിദ്ര്യം ഉണ്ടായിരുന്നിട്ടും സാമ്പത്തികമായ ഐശ്വര്യം നല്കിക്കൊണ്ടിരിക്കുന്നു. ഇക്കാരണത്താൽ അവർ തങ്ങളുടെ ഈമാനിലും ആത്മാർഥതയിലും വളർന്നുകൊണ്ടിരിക്കുന്നു. ത്യാഗം എന്ന പദത്തെയും വ്യക്തമാക്കുന്നത് സ്വയം ബുദ്ധിമുട്ടിലകപ്പെടുത്തി എന്തെങ്കിലും പ്രവൃത്തി ചെയ്യുക എന്നാണ്. ഇവിടെ ബുദ്ധിമുട്ടിലകപ്പെടുത്തി അല്ലാഹുവിന്റെ ദീനിന്റെ ആവശ്യങ്ങൾക്ക് കൊടുക്കുക എന്നാണ്. ആരാണോ, തങ്ങളുടെ സൗകര്യമനുസരിച്ച് കുറച്ചെന്തെങ്കിലും കൊടുത്ത് ത്യാഗം ചെയ്തുവെന്ന് മനസ്സിലാക്കുന്നത്, അത് ത്യാഗമല്ല. അത്തരക്കാർ അല്ലാഹുവിനോടു ചെയ്യുന്ന ഔദാര്യവുമല്ല. അവർ കൊടുത്തില്ലെങ്കിൽത്തന്നെയും അല്ലാഹു ദീനിന്റെ ആവശ്യം പൂർത്തിയാക്കാനുള്ള സാഹചര്യമൊരുക്കുന്നതാണ്. അവൻ ചെയ്തുകൊണ്ടിരിക്കുന്നുമുണ്ട്. ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും. ഇൻശാഅല്ലാഹ്. കഴിവുണ്ടായിട്ടും തങ്ങളുടെ വരുമാനമനുസരിച്ച് ചന്ദ കൊടുക്കാത്തവരോടു, അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അനന്തരാവകാശിയാകണമെന്ന് ഞാൻ പറയാനാഗ്രഹിക്കുന്നു.

അവസാനമായി ഞാൻ നിങ്ങളോടു പറയാനാഗ്രഹിക്കുന്നത് അനുസരണത്തെ കുറിച്ചാണ്. വിശുദ്ധഖുർആനിൽ നിരവധി സ്ഥലങ്ങളിൽ അല്ലാഹുവിനേയും റസൂലിനേയും അനുസരിക്കാൻ കല്പനയുണ്ട്. പിന്നെ അധികാരസ്ഥരേയും അനുസരിക്കാൻ കല്പനയുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ബയ്അത്തിന്റെ നിബന്ധനയിലും അനുസരണത്തെക്കുറിച്ച് നിബന്ധന വെച്ചിട്ടുണ്ട്. ബയ്അത്തിന്റെ നിബന്ധനകളിൽ 'നല്ല കാര്യങ്ങളിൽ' മരണംവരെ അനുസരണം പുലർത്താനുള്ള നിബന്ധന വെച്ചിരിക്കുന്നു. (ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ വാള്യം 3, പേജ് 564)

നമ്മുടെ വിവിധ സംഘടനകൾക്ക് വിവിധ പ്രതിജ്ഞകളുണ്ട്. അതിൽ കാലത്തിന്റെ ഖലീഫയുടെ 'നല്ല തീരുമാനങ്ങളെ അനുസരിക്കേണ്ടത് നിർബന്ധമാണെന്ന് മനസ്സിലാക്കുന്നു' എന്ന പ്രതിജ്ഞയുമുണ്ട്. ചില വക്രതയുള്ളവർ അല്ലെങ്കിൽ കപടപരമായ ചിന്താഗതി വെച്ചുപുലർത്തുന്നവർ, 'നല്ല കാര്യങ്ങളിൽ അനുസരിക്കുമെന്നുള്ള' പ്രതിജ്ഞയാണ് ചെയ്യുന്നതെന്ന് പറയാറുണ്ട്. കാലത്തിന്റെ ഖലീഫയുടെ ചില തീരുമാനങ്ങൾ നല്ലതായിരിക്കുകയില്ലത്രെ! ചിലത് അവരുടെ ദൃഷ്ടിയിൽ നല്ലതല്ലത്രെ. ലോകത്ത് വിവിധ സ്ഥലങ്ങളിൽ ഇത്തരം വ്യാഖ്യാനങ്ങൾ നല്കിവരുന്നുണ്ട്. ഒന്നോ രണ്ടോ ആണെങ്കിലും ലക്ഷത്തിൽ ഒന്നാണെങ്കിൽതന്നെയും ഈ ചിന്താ

ഗതിയെ ഖണ്ഡിക്കേണ്ടത് നിർബന്ധമാണ്. കാരണം ഈ ചിന്താഗതി യുവതലമുറയെ പാപപങ്കിലമാക്കുന്നു. ഇപ്രകാരം ഓരോരുത്തരും സ്വയം 'നല്ല തീരുമാനങ്ങൾ' എന്നതിന് വ്യാഖ്യാനം നല്കാൻ തുടങ്ങിയാൽ ജമാഅത്തിന്റെ ഐക്യം നിലനില്ക്കുകയില്ല. 'എന്താണ് നല്ല കാര്യം' 'എന്താണ് നല്ലതല്ലാത്ത കാര്യം' എന്ന ചർച്ചയ്ക്ക് പിന്നീട് അത് തിരികൊളുത്തും. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഔവ്വൽ(റ) ഇതു വിശദീകരിച്ചുകൊണ്ട് ഒരിടത്ത് പറഞ്ഞു:

മറ്റൊരു അബദ്ധമുണ്ട്. അത് 'എല്ലാ നല്ലതീരുമാനങ്ങളും അനുസരിക്കണം' എന്നത് മനസ്സിലാക്കുന്നതിൽ വന്ന അബദ്ധമാണ്. അതായത് നല്ല കാര്യങ്ങൾ അനുസരിക്കുക. ഏതൊരു കാര്യത്തെയാണോ നമ്മൾ നല്ലതല്ല എന്നു മനസ്സിലാക്കുന്നത് അത് അനുസരിക്കാതിരിക്കുക.' തുടർന്ന് പറയുന്നു: 'ഈ പദം നബി(സ)തിരുമേനിക്കുവേണ്ടിയും ഉപയോഗിച്ചിട്ടുണ്ട്. വിശുദ്ധഖുർആനിൽ പറയുന്നു: *വലാ യഅ്സ്വീനക്ക ഫീ മഅ്റൂഫിൻ* നല്ല കാര്യങ്ങളിൽ നിന്നോട് അനുസരണക്കേട് കാണിക്കുകയില്ല.' അവിടന്ന് പറയുന്നു: 'ഇത്തരമാളുകൾ ഹദ്റത്ത് മുഹമ്മദ്(സ)യുടെ കുറവുകളുടെ ലിസ്റ്റും ഉണ്ടാക്കിയിട്ടുണ്ടോ? എന്തു കാര്യമാണ് അവിടന്ന് നല്ലതു പറഞ്ഞത്; ഏതു കാര്യമാണ് നല്ലതല്ലാത്തത് പറഞ്ഞതെന്ന്! ഹ്ദറത്ത് മസീഹ് മൗഊദ്(അ) *അംറു ബിൽ മഅ്റൂഫി* എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു: 'ഈ നബി ബുദ്ധിവിരുദ്ധമായ കാര്യങ്ങളല്ല കല്പിക്കുന്നത്.' (ബറാഹീനെ അഹ്മദിയ്യാ, റൂഹാനീ ഖസാഇൻ വാള്യം 21, പേജ് 420)

അതായത് നല്ല കാര്യങ്ങളെന്നാൽ ബുദ്ധിവിരുദ്ധമല്ല. വിശുദ്ധഖുർആന്റെ കല്പനകളനുസരിച്ചുമാണ്.ഒരു ഹദീഥിൽ സംഭവം വന്നിരിക്കുന്നു. നബി(സ)തിരുമേനി ഒരിടത്തേക്ക് ഒരു സാർഥവാഹകസംഘത്തെ അയച്ചു. ഒരിടത്ത് എത്തിയപ്പോൾ അവർ തീ കത്തിച്ചു. ഖാഫ്ലയുടെ അമീർ തമാശയായി, ആ തീയിൽ ചാടാൻ ഞാൻ നിങ്ങളോടു പറഞ്ഞാൽ നിങ്ങൾ അത് ചെയ്യുമോ? എന്നു ചോദിച്ചു. അത് തികച്ചും തെറ്റാണെന്നും അത് ആത്മഹത്യയാണെന്നും ചിലർ പറഞ്ഞു. അമീറിനെ അനുസരിക്കേണ്ടത് നിർബന്ധമാണെന്ന് ചിലർ പറഞ്ഞു. പിന്നീട് അയാൾ താൻ തമാശ പറയുകയായിരുന്നുവെന്ന് പറഞ്ഞു.' അങ്ങനെ കാര്യം അവസാനിച്ചു. മദീനയിൽ തിരിച്ചെത്തിയപ്പോൾ അവർ നബി(സ) തിരുമേനിയോടു ഇക്കാര്യം പറഞ്ഞു. അവിടന്ന് അരുൾചെയ്തു. അമീർമാരിൽ ആരെങ്കിലും നിങ്ങളോട് അല്ലാഹുവിനോടു അനുസരണക്കേട് കാണിക്കാൻ കല്പിച്ചാൽ നിങ്ങൾ അത് അനുസരിക്കരുത്.(സുനൻ അബീദാവൂദ്, കിതാബുൽ ജിഹാദ്, ബാബു ഫിത്ത്വാഅത്തി, ഹദീഥ് 2625)

ഇതാണ് 'നല്ല കാര്യം' എന്നതിന്റെ വ്യാഖ്യാനം. അല്ലാഹുവിന്റെ കല്പനയ്ക്ക് വിരുദ്ധമായുള്ള കല്പന നല്ല കാര്യമല്ല. എന്നാൽ, അല്ലാഹുവും അവന്റെ റസൂലും പറഞ്ഞതനുസരിച്ചാണ് കല്പനയെങ്കിൽ അത് മഅ്റൂഫ് അഥവാ നല്ല കാര്യമാണ്. നല്ല കാര്യങ്ങളെ അനുസരിക്കുക. നല്ല തീരുമാനം വ്യക്തമായിക്കഴിഞ്ഞിരിക്കുന്നു. ഇത് പ്രാവർത്തികമാക്കേണ്ടത് നിർബന്ധമാണ്; അത് അല്ലാഹുവിന്റെ കല്പനയാണ്. പിന്നീട് അല്ലാഹുവിന്റെ റസൂലിന്റെ കല്പനയാണ്. അതിനാൽ, നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് യഥാർഥ ഖിലാഫത്ത് സ്ഥാപിതമായിരിക്കുകയാണ്. ഇത് ഇൻശാഅല്ലാഹ് നിലനില്ക്കുന്നതാണ്. ഇതൊരിക്കലും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനയ്ക്ക് വിരുദ്ധമായി കല്പന പുറപ്പെടുവിക്കുകയില്ല; ഖുർആനും സുന്നത്തുമനുസരിച്ച് തന്നെയായിരിക്കും കല്പന നല്കുക. നല്ല കാര്യങ്ങളിൽ അനുസരിക്കും എന്നത് നബി(സ) തിരുമേനിക്കുവേണ്ടിയും വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുണ്ട്; മുമ്പേ വിവരിച്ചതുപോലെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം തന്റെ ബയ്അത്തിന്റെ നിബന്ധനകളിൽ അത് വെച്ചിരിക്കുന്നു. അഹ്മദിയ്യാ ഖിലാഫത്തിലും എല്ലാ പ്രതിജ്ഞയിലും അത് ഉൾപ്പെടുത്തിയിരിക്കുന്നു. അതിന്റെ ഉദ്ദേശ്യം വ്യക്തമാണ്. അല്ലാഹുവിന്റെ കല്പനകൾ പുറപ്പെടുവിക്കുക. ജമാഅത്തിനെ അതുസംബന്ധിച്ച് ഉപദേശിക്കുക. അഹ്മദിയ്യാ ജമാഅത്തിന്റെ ഭാഗമായി തങ്ങളെ മനസ്സിലാക്കുന്ന ഓരോരുത്തരുടേയും നിർബന്ധകടമയാണ്, ഈ പ്രതിജ്ഞ അനുസരിച്ചുകൊണ്ട് കാലത്തിന്റെ ഖലീഫയുടെ ജമാഅത്തിനെകുറിച്ചുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുക എന്നത്. ഹദ്റത്ത് മുസ്ലിഹ് മൗഊദും ഇതുതന്നെയാണ് പറഞ്ഞത്. എന്തെങ്കിലും തെറ്റായ നിർദേശം നല്കുന്ന പ്രശ്നംതന്നെ ഒരിക്കലും ഉദിക്കുന്നില്ല. കാരണം ഖിലാഫത്തിനെ സംരക്ഷിക്കേണ്ടത് അല്ലാഹുവാണ്. അതുകൊണ്ട് അല്ലാഹു ഒരിക്കലും അതിന്റെ ഫലങ്ങൾ ദോഷകരമാകാൻ വിടുകയില്ല. ഉത്തമമായ ഫലമുളവാക്കുന്ന അവസ്ഥകൾ അവൻ ഉണ്ടാക്കുന്നതാണ്.(തഫ്സീർ കബീർ, വാള്യം 6, പേജ് 376–377, ഖുർആൻ 24:56)

അതുകൊണ്ട് മഅ്റൂഫ് ഫയ്സല നല്ല തീരുമാനങ്ങൾ എന്നതിന്റെ വ്യാഖ്യാനം നല്കുക എന്നത് എല്ലാവരുടേയും ജോലിയല്ല. മഅ്റൂഫ് ഫയ്സല എന്നത് വിശുദ്ധഖുർആനും സുന്നത്തും അനുസരിച്ചുള്ളതായിരിക്കും. ഹദീഥ് അനുസരിച്ചുള്ളതായിരിക്കും. ഇക്കാലഘട്ടത്തിലെ നീതിമാനായ വിധികർത്താവിന്റെ കല്പനകൾക്കനുസരിച്ചുള്ളതായിരിക്കും. ഈ മാർഗത്തിലൂടെയാണ് ജമാഅത്തിന്റെ ഐക്യം നിലനില്ക്കുന്നത്. ഈ ഉദ്ദേശ്യത്തിനാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നിയോഗിതനായിട്ടുള്ളത്; ഐക്യമുണ്ടാക്കുക. ആത്മാർഥരായവരുടേയും അനുസരണശാലികളുടേയും ഒരു ജമാഅത്ത് ഉണ്ടാകണം. ഇല്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) വ്യക്തമായും പറഞ്ഞു: അംഗസംഖ്യ വർധിപ്പിക്കുന്നതിൽ എനിക്കൊരു ഉദ്ദേശ്യവുമില്ല; അനുസരിക്കുന്നത് എങ്ങനെയാണെന്ന് അറിയാത്തവരുടെ എണ്ണസംഖ്യ വർധിക്കുന്നതിൽ എനിക്കൊരു താൽപര്യവുമില്ല. അവിടന്ന് പറഞ്ഞു: എന്റെ ആളാണെന്ന് പറയുന്നവരുടേയും എന്റെ ബയ്അത്തിൽ വരുന്നവരുടേയും പരിഷ്കരണം നടക്കുന്നില്ലെങ്കിൽ അവർ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും അ ധ്യാപനമനുസരിച്ച് ജീവിക്കാത്തവരാണെങ്കിൽ അത്തരം ബയ്അത്ത് നിരർഥമാണ്.(മവാഹിബു ർറഹ്മാൻ, റൂഹാനീ ഖസാഇൻ വാള്യം 19, പേജ് 276)

നമ്മൾ അഹ്മദിയായതിന്റെ ഫലമുണ്ടാകുന്നത്, ഇതിന്റെ യാഥാർഥ്യം മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുമ്പോഴാണ്; എല്ലാ കഴിവുകളോടുംകൂടി പരിശ്രമിക്കുമ്പോഴാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അനുസരണം ചെറിയ കാര്യമല്ല. എളുപ്പമുള്ള കാര്യമല്ല. ഇത് അത്രമാത്രം സുഖമമായ ജോലിയുമല്ല. ഇതും ഒരു മരണമാണ്. തികവുറ്റ നിലയിൽ അനുസരിക്കാത്തവർ ജമാഅത്തിന് ചീത്തപ്പേരുണ്ടാക്കുന്നു.'(മൽഫൂദാത്ത് വാള്യം 4, പേജ് 74, അടിക്കുറിപ്പ്, 1985 ലണ്ടൻ പതിപ്പ്)

അവിടന്ന് പറയുന്നു: 'ഞാൻ നിരവധി തവണ ജമാഅത്തിനോടു പറഞ്ഞിട്ടുള്ളതാണ്, യാഥാർഥ്യത്തോളം എത്താതെ നിങ്ങൾ കേവലം ബയ്അത്തിൽ വിശ്വാസം കൊള്ളരുത്. അതായത് ബയ്അത്തിന്റെ യാഥാർത്ഥ്യംവരെ എത്താത്തിടത്തോളം മോക്ഷം ഇല്ല.(മൽഫൂദാത്ത് വാള്യം 4, പേജ് 232–233, 1985 ലണ്ടൻ പതിപ്പ്)

അല്ലാഹു നമുക്കെല്ലാം ഇസ്ലാമിന്റെ യഥാർഥ അധ്യാപനം മനസ്സിലാക്കിക്കൊണ്ട്, അതനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(റ)ന്റെ ബയ്അത്തിനോടുള്ള കടമ നിറവേറ്റുന്നവരാകട്ടെ. എപ്പോഴും ഖിലാഫത്തിനോടു പൂർണമായ അനുസരണത്തോട് ബന്ധപ്പെട്ടിരിക്കുന്നവരും കാലത്തിന്റെ ഖലീഫയുടെ എല്ലാ നല്ല തീരുമാനങ്ങളും അനുസരിച്ച് സത്യഹൃദയത്തോടെയും പൂർണഅനുസരണത്തോടെയും പ്രവർത്തിക്കുന്നവരും ആയിരിക്കട്ടെ. അല്ലാഹു നമുക്കെല്ലാം അതിന് തൗഫീഖ് നല്കുമാറാകട്ടെ.

---

(പേജ് 1ൽനിന്ന്)

ക്കാതിരിക്കുകയും അല്ലാഹുവിനെക്കുറിച്ച് അശ്രദ്ധരായിരിക്കുകയും ചെയ്യുന്ന എല്ലാ ഓരോ മുതലാളിയുടേയും കഴുത്തിൽ അയാളുടെ എല്ലാ തൊഴിലാളികളുടേയും ജോലിക്കാരുടേയും പാപമുണ്ട്. മദ്യപിക്കുന്ന ഓരോ മുതലാളിയുടേയും കഴുത്തിൽ അയാൾക്ക് വിധേയനായിക്കൊണ്ട് മദ്യപാനത്തിൽ പങ്കാളിയാകുന്ന ഓരോരുത്തരുടേയും പാപമുണ്ട്. അല്ലയോ ബുദ്ധിമാന്മാരേ, ഈ ലോകം ശാശ്വതമായ സ്ഥലമല്ല. നിങ്ങൾ രക്ഷപ്പെട്ടുകൊള്ളുവിൻ. നിങ്ങൾ ഓരോ അന്യായങ്ങളേയും വർജ്ജിക്കുവിൻ. എല്ലാ ഓരോ ലഹരിപദാർഥവും ഉപേക്ഷിക്കുവിൻ. മനുഷ്യനെ നശിപ്പിക്കുന്നത് മദ്യം മാത്രമല്ല. പ്രത്യുത കറുപ്പ്, കഞ്ചാവ്, ചരസ്, ഭൻഗ്, ചാരായം തുടങ്ങിയവയും നിത്യശീലമാക്കിത്തീർക്കുന്ന ഓരോ ലഹരിപദാർഥവും മസ്തിഷ്ക്കത്തെ കേടുവരുത്തുകയും അവസാനം നശിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് നിങ്ങൾ അതിൽനിന്ന് രക്ഷപ്പെടുക. നിങ്ങളെന്തിനാണ് ഇതുപയോഗിക്കുന്നതെന്ന് നമുക്ക് മനസ്സിലാകുന്നില്ല. ഇതിന്റെ ദുർഗ്ഗതിയാൽ ഓരോ വർഷവും നിങ്ങളെപ്പോലെ മദ്യശീലക്കാരായ ആയിരക്കണക്കിനാളുകൾ ഈ ലോകത്തുനിന്ന് വിടപറഞ്ഞുപോകുന്നു.[1] പരലോകത്ത് കിട്ടുന്ന ശിക്ഷ ഇതിന് പുറമെയാണ്."

1. യൂറോപ്പിലെ ജനങ്ങൾക്ക് മദ്യം ഇത്രത്തോളം നഷ്ടമുണ്ടാക്കാൻ കാരണം ഈസാ(അ) മദ്യം കുടിക്കാറുണ്ടായിരുന്നുവെന്നതാണ്. വല്ല രോഗം നമിത്തമോ പഴയശീലം കാരണമോ ആയിരിക്കാമത്. എന്നാൽ, മുസ്ലീംകളേ! നിങ്ങളുടെ നബി(സ)തിരുമേനി ലഹരിയിൽനിന്നെല്ലാം പരിശുദ്ധനും നിഷ്ക്കളങ്കനുമായിരുന്നു. വാസ്തവത്തിൽ അദ്ദേഹം നിഷ്കളങ്കൻ തന്നെയാണ്. അതിനാൽ നിങ്ങൾ മുസൽമാൻ എന്നു പറഞ്ഞുകൊണ്ട് ആരെയാണ് പിൻപറ്റുന്നത്? വിശുദ്ധ ഖുർആൻ ഇഞ്ചീലിനെപ്പോലെ മദ്യം അനുവദനീയമാക്കുന്നില്ല. പിന്നെ നിങ്ങൾ എന്തു പ്രമാണത്തിന്റെ അടിസ്ഥാനത്തിലാണ് മദ്യം അനുവദനീയമാക്കുന്നത്? എന്ത്! മരിച്ചുപോകണ്ടേ?

**അല്ലാഹുവിന്റെ കലാം**

***മാലക്കും മ്മിൻദൂനില്ലാഹി മിൻ വ്വലിയ്യിൻ വ്വലാ നസ്വീർ(2:108)***
**"അല്ലാഹു അല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ?"**

**ത്വാലിബെ ദുആ**
പി.പി.റഹീമും കുടുംബവും
അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് പഴയങ്ങാടി (കേരള)

**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം– 689 695. Phone: 9744653179.

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

**❋ വഖ്ഫെആർസി ആദ്യം താങ്കളുടെ ആമിലായിൽനിന്നു തുടങ്ങുക. പിന്നീട് മറ്റുള്ളവരെ വഖ്ഫെആർസി ചെയ്യാൻ പ്രേരിപ്പിക്കുക. ❋ പതിവായി നമസ്കരിക്കുന്നുണ്ടോ എന്നും വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നുണ്ടോ എന്നും എം.ടി.എയുമായി ബന്ധമുണ്ടോ എന്നുമുള്ള കാര്യം ശ്രദ്ധിക്കുക. എല്ലാവരേയും എം.ടി.എയുമായി ബന്ധിപ്പിക്കുക. സ്നേഹത്തോടെ അവരെ അടുത്തുകൊണ്ടുവരിക. ❋ മസ്ജിദിലും ജമാഅത്തിന്റെ സെന്ററുകളിലും വന്നുംപോയുമിരിക്കുന്നതിനും ജമാഅത്തിലെ ആളുകൾ ആക്ടീവായിരിക്കുന്നതിനുമുള്ള പരിപാടികളുണ്ടാക്കുക. ❋ സ്കൈപ്പ് മുഖേന വിശുദ്ധഖുർആൻ പഠിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുക. ❋ അൻസ്വാറിന് വിശുദ്ധഖുർആൻ പാരായണം ചെയ്യാൻ അറിയുമോ എന്ന് പരിശോധിക്കുക. എന്നിട്ട് വിശുദ്ധഖുർആൻ പഠിപ്പിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കുക. ആമില ഏതു പരിപാടി തയ്യാറാക്കുകയാണെങ്കിലും എപ്പോഴും ആദ്യ സംബോധിതരായി തങ്ങളെ മനസ്സിലാക്കേണ്ടതാണ്. എന്റെ ഓരോ ഖുത്ബയുടേയും ആദ്യസംബോധിതർ തങ്ങളാണെന്ന് മനസ്സിലാക്കുക. അതിനുശേഷം മറ്റുള്ളവരെക്കൊണ്ട് പ്രവർത്തിപ്പിക്കുക. ❋ നിങ്ങളുടെ സ്വന്തം പരാതികളെ നിങ്ങളുടെ മതത്തിനുമേൽ വലയം ചെയ്യാൻ വിടരുത്. നിങ്ങളുടെ പരാതി നിങ്ങളിൽ മാത്രം ഒതുക്കിനിറുത്തുക. ചുറ്റും പരത്താതിരിക്കുക. സ്വന്തം വീടുകളിൽ ചർച്ച ചെയ്യാതിരിക്കുക. ❋ നിളാമിന്നെതിരിൽ ഒരു കാര്യം ചെയ്യാതിരിക്കുക. ദുആ ചെയ്യുകയും നിങ്ങളുടെ പ്രയാസങ്ങൾ ദൂരീകരിക്കാൻ അല്ലാഹുവിനോടു സഹായം തേടുകയും ചെയ്യുക. ❋ എം.ടി.എയിൽ എന്റെ ഖുത്ബകളുമായി നിങ്ങളുടെ കുട്ടികളെ ബന്ധപ്പെടുത്തുക. നിങ്ങളുടെ വീടുകളിൽ നിങ്ങളുടെ കുട്ടികളെ എം.ടി.എയുമായി ബന്ധപ്പെടുത്തേണ്ടത് വളരെ നിർബന്ധമാണ്.**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

(തുടർച്ച...)ഇന്റേണൽ ഓഡിറ്റർ പറഞ്ഞു: എല്ലാ മാസവും ഓഡിറ്റ് ചെയ്യാൻ ഞാൻ ശ്രമിക്കാറുണ്ട്. ഹുദൂർ പറഞ്ഞു. ഇവിടത്തെ നിർമാണ പ്രവർത്തനങ്ങൾക്ക് കേന്ദ്രത്തിൽനിന്ന് എത്ര കടമാണ് എടുത്തിട്ടുള്ളത്. തുക എവിടെനിന്നാണ് വന്നത്? അപ്പോൾ ഇന്റേണൽ ഓഡിറ്റർ സാഹിബ് പറഞ്ഞു: അറിയില്ല. ഹുദൂർ പറഞ്ഞു. താങ്കൾ നല്ല ഓഡിറ്ററാണ്. തുക എവിടെന്നാണ് വന്നതെന്നുപോലും താങ്കൾക്കറിയില്ല.

നാഷണൽ സെക്രട്ടറി ഉമൂറെ ഖാരിജയോടു ഹുദൂർ അൻവർ പറഞ്ഞു: താങ്കൾ ജനങ്ങളുമായി ബന്ധപ്പെട്ടിരുന്നുവോ? മാധ്യമങ്ങളുമായി ബന്ധപ്പെട്ടിരുന്നുവോ? നിങ്ങളുടെ ബന്ധങ്ങൾ വർധിപ്പിക്കുക. നിങ്ങളുടെ പബ്ലിക് റിലേഷൻ വർധിപ്പിക്കുക. എല്ലാ വിഭാഗക്കാരുമായും ബന്ധംവെക്കുക. ഇവിടെ പാക്കിസ്താനികളായ മാന്യന്മാരുമുണ്ടാകും. അവരുമായും ബന്ധം വർധിപ്പിക്കുക. പബ്ലിക് റിലേഷന്റെ വളരെ കുറവുണ്ട്. ഇന്ന് ഒരു ജേർണലിസ്റ്റ് ചോദിച്ചിരുന്നു, ഇന്നലത്തെ മീറ്റിംഗിൽ പാക്കിസ്താനി അതിഥി ഇല്ലായിരുന്നല്ലോ എന്ന്. നിങ്ങൾക്ക് നിങ്ങളുടെ ബന്ധം വർധിപ്പിക്കേണ്ടതാണ്.

അമീൻ തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു. ഞാൻ ചെലവുകളുടെ കണക്ക് കൃത്യമായി വെക്കാറുണ്ട്.

നാഷണൽ സെക്രട്ടറി വസ്വിയത്ത് തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ടു പറഞ്ഞു: മൂസ്വികളുടെ എണ്ണം 77 ആണ്. 7 അപേക്ഷികൂടി അയച്ചിട്ടുണ്ട്. 77-ൽനിന്ന് രണ്ടെണ്ണം ക്യാൻസലുമായിട്ടുണ്ട്. അതുകൊണ്ട് ഇപ്പോൾ മൂസ്വികളുടെ എണ്ണം 75 ആണ്. അവരിൽ 15 അൻസ്വാറും 22 ഖുദ്ദാമും 38 ലജ്നയുമാണുള്ളത്.

ഹുദൂർ ആമില അംഗങ്ങളുടെ കണക്ക് ചോദിച്ചു. മൂസ്വികൾ എത്രയുണ്ട്. ഹുദൂർ അൻവർ പറഞ്ഞു: ആമിലാ അംഗങ്ങൾ മൂസ്വികളാരുമില്ല. അവരോടും മൂസ്വിയാകാൻ പറയുക. വസ്വിയ്യത്ത് നിർബന്ധമൊന്നുമല്ല. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി (റ) നിർബന്ധമെന്ന നിലയിൽ പറഞ്ഞിരുന്നു.

ഹുദൂർ അൻവർ പറഞ്ഞു: ജർമനിയിൽ, മദ്യഷോപ്പിലും പന്നിഫാമിലും തൊഴിലെടുക്കുന്നവരിൽനിന്ന് ചന്ദ വാങ്ങേണ്ടെന്ന് പറഞ്ഞിരുന്നു. അവിടെ ജോലി ചെയ്യാൻ അവർ നിർബന്ധിതരാണ്. ജമാഅത്തിന് അവരിൽനിന്ന് വാങ്ങുന്നതിന് ഒരു നിർബന്ധാവസ്ഥയുമില്ല. ഗതിമുട്ടിയ അവസ്ഥ അവിടെ പണിയെടുക്കുന്നവരുടേതാണ്. നൂറുക്കണക്കിന് ആളുകളിൽനിന്ന് ചന്ദ വാങ്ങിയില്ല. തങ്ങളുടെ വരവ് കുറഞ്ഞുപോകുമെന്ന് അമീർ സാഹിബ് പറഞ്ഞു. അപ്പോൾ ഹുദൂർ പറഞ്ഞു: നിങ്ങൾ വസ്വിയത്ത് ചെയ്യാൻ സമ്മർദ്ദം ചെലുത്തിയാൽ നിങ്ങളുടെ വരുമാനം കുറയുകയില്ല.

വർഷത്തിന്റെ അവസാനം കണക്ക് മുന്നിൽ വന്നപ്പോൾ മൂന്നുനാല് ലക്ഷം യൂറോ കുറവുണ്ടാകുന്നതിനുപകരം 2 ലക്ഷം യൂറോ കൂടുതൽ വരുമാനമുണ്ടായി.

ഹുദൂർ പറഞ്ഞു: ആമിലായിലെ അംഗങ്ങൾ എല്ലാവരും മൂസ്വികളാകാൻ ശ്രമിക്കേണ്ടതാണ്. വസ്വിയത്തിന്റെ നിബന്ധനകൾ പൂർണമായും പാലിക്കുന്നില്ലെങ്കിൽ അത് പൂർണമായും പാലിക്കാൻ ശ്രമിക്കുക. നാഷണൽ തർബിയ്യത്ത് സെക്രട്ടറി തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ടു പറഞ്ഞു: അമീർ സാഹിബ് വിശുദ്ധഖുർആന്റെ ദർസെടുക്കാറുണ്ട്. വിശുദ്ധഖുർആന്റെ തർജമ പഠിപ്പിക്കുന്നു. വാക്കുകളുടെ ഉച്ചാരണത്തെ സംബന്ധിച്ചും വിവരിച്ചുകൊടുക്കുന്നു. ഹുദൂർ പറഞ്ഞു: നമസ്കരിക്കാൻ പ്രേരിപ്പിക്കുക എന്നതും തർബിയ്യത്ത് വകുപ്പിന്റെ ജോലിയാണ്. വിശുദ്ധഖുർആനിൽ അദൃശ്യയാഥാർത്ഥ്യങ്ങളിലുള്ള വിശ്വാസത്തിനുശേഷം നമസ്കാരം നിലനിറുത്താനാണ് കല്പിച്ചിട്ടുള്ളത്.

മസ്ജിദിന്റെ ഹൽഖയിൽ എത്രയാളുകൾ താമസിക്കുന്നുണ്ടെന്ന് ഹുദൂർ ചോദിച്ചു. അപ്പോൾ സെക്രട്ടറി സാഹിബ് പറഞ്ഞു: അഞ്ചുമുതൽ 8 വരെയുള്ള മൈലുകൾക്കുള്ളിൽ അമ്പതിനടുത്ത് ആളുകൾ താമസിക്കുന്നുണ്ട്. അപ്പോൾ ഹുദൂർ പറഞ്ഞു: ജർമനിയിൽ 40, 50 മൈൽ യാത്ര ചെയ്ത് ആളുകൾ നമസ്കരിക്കാനെത്തുന്നുണ്ട്. ഇവിടെ നമസ്കാരങ്ങളുടെ അവസ്ഥ വളരെ പരിതാപകരമാണ്. ഇന്നും കുറച്ചാളുകളെ വന്നിട്ടുള്ളൂ. 40 ആളുകൾ അടുത്ത് താമസിക്കുന്നുണ്ടെങ്കിൽ അവർ ഈ ദിനങ്ങളിലും വരുന്നില്ലെങ്കിൽ മറ്റു ദിവസങ്ങളിലും രണ്ടോ മൂന്നോ ആയിരിക്കും വരുന്നുണ്ടാകുക.

ഹുദൂർ പറഞ്ഞു: ഞാൻ എന്റെ ഖുത്ബയിൽ നമസ്കാരത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചിരുന്നു. അടുത്തദിവസം മസ്ജിദിൽ ഹാജർനില കൂടിയിരുന്നോ? കൂടിയിട്ടില്ലെങ്കിൽ ഖുത്ബ തന്നെയും കേട്ടിട്ടുണ്ടാകുകയില്ല. മുമ്പിലിരിക്കുന്നവരോടാണ് പറഞ്ഞിട്ടുണ്ടാകുക എന്നായിരിക്കും അവരുടെ പ്രതികരണം.

ഹുദൂർ പറഞ്ഞു: ക്ലാസ് സംഘടിപ്പിച്ച് വിശുദ്ധഖുർആൻ പഠിപ്പിച്ച്, തർജമ പഠിപ്പിച്ചു, പക്ഷേ വിശുദ്ധഖുർആന്റെ മൂന്നാമത്തെ ആയത്തനുസരിച്ച് പ്രവർത്തിച്ചില്ല. അൻസ്വാർ പ്രവർത്തിക്കുന്നില്ല. മജ്‌ലിസെ ആമില പ്രവർത്തിക്കുന്നില്ല. അപ്പോൾ ഖുർആൻ പഠിപ്പിച്ചതുകൊണ്ടോ തർജമ പഠിപ്പിച്ചതുകൊണ്ടോ എന്താണ് പ്രയോജനം?

ഹുദൂർ പറഞ്ഞു. അടിസ്ഥാനപരമായ കാര്യം ശ്രദ്ധിക്കുന്നില്ലെങ്കിൽ ബാക്കി എന്താണുള്ളത്? ജമാഅത്തായി നമസ്കരിക്കാൻ ആവർത്തിച്ച് പറയുക. വിശുദ്ധഖുർആനിൽനിന്നും ഹദീഥിൽനിന്നും ഖുത്ബകളിൽനിന്നും ഉദ്ധരണികളെടുത്ത് ഓരോ ആഴ്ചയിലും വീടുകളിൽ അയക്കുക.

ഹുദൂർ പറഞ്ഞു: മസ്ജിദിൽനിന്ന് ദൂരെ താമസിക്കുന്നവർ, രണ്ടുമൂന്ന വീട്ടുകാർ കൂടിചേർന്ന് നമസ്കരിക്കുക. പരസ്പരമുള്ള സ്നേഹം വർധിക്കും. ആദ്യമേ സ്നേഹമുണ്ടെങ്കിൽ അത് കൂടുതലാകുന്നതായിരിക്കും.

ഹുദൂർ അൻവർ പറഞ്ഞു: നമസ്കാരശീലമുണ്ടാക്കിയാൽ കുട്ടികളിലും ആ ശീലമുണ്ടാകുന്നതായിരിക്കും. ഭർത്താക്കന്മാർ നമസ്കരിക്കുന്നില്ലെന്ന് ഭാര്യമാർക്ക് പരാതിയുണ്ട്. ഹുദൂർ പറഞ്ഞു: ഉപസംഘടനകൾ, ഖുദ്ദാം അൻസ്വാർ ലജ്ന പ്രോഗ്രാം സംഘടിപ്പിക്കുമ്പോൾ അവരെല്ലാവരും ചേർന്ന് ഒരൊറ്റ ദിവസത്തിൽതന്നെ തങ്ങളുടെ പ്രത്യേകം പ്രത്യേകം പരിപാടികളുണ്ടാക്കുക. അത്ഫാലിന്റെ വേറെതന്നെ സംഘടിപ്പിക്കുക. ഇപ്പോൾ നിങ്ങളുടെ കൈയിൽ മതിയാവോളം സ്ഥലമുണ്ട്. പല ഹാളുകളുണ്ട്. ലൈബ്രറിയുണ്ട്. ഇപ്പോൾ നിങ്ങൾക്ക് എല്ലാവർക്കും ഒരു ദിവസം അവരവരുടെ പരിപാടികൾ സംഘടിപ്പിക്കാൻ കഴിയും. അങ്ങനെ എല്ലാ കുടുംബക്കാരും ഒരൊറ്റ ദിവസം മസ്ജിദിൽ വരുന്നതായിരിക്കും. ഇടയ്ക്ക് അൻസ്വാറിന്റേയും ഇടയ്ക്ക് ലജ്നയുടേയും ഇടയ്ക്ക് ഖുദ്ദാമിന്റേയും പരിപാടികൾ വെക്കുമ്പോൾ പല പ്രാവശ്യം വരേണ്ടിവരുന്നുവെന്നും ചെലവുകൾ കൂടുന്നുവെന്നുമുള്ള പരാതിയും ഇല്ലാതാകുന്നതാണ്.

ഹുദൂർ പറഞ്ഞു: നിങ്ങളുടെ ഏഴ് ഹൽഖകളിലുമുള്ള സെക്രട്ടറി തർബിയ്യത്തിനെ കർമനിരതരാക്കുക. സ്നേഹത്തോടെ പ്രവർത്തിക്കുന്ന സെക്രട്ടറി തർബിയ്യത്താണ് വേണ്ടത്. ഇതിലൂടെ പരാതി ഇല്ലാതാകും. തഖ്‌വയില്ലാത്ത കാരണത്താലാണ് പരാതി ഉണ്ടാകുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

*തഖ്‌വാ യഹീഹെ യാരോ കെ*
*നഖ്‌വത്ത് കൊ ഛോഡ് ദോ*
*കിബ്ർ വ ഗുറൂർ വ ബുഖൽ കി*
*ആദത്ത് കൊ ഛോഡ് ദോ*

തഖ്‌വ എന്നു പറയുന്നത് ആത്മസ്തുതി ഉപേക്ഷിക്കുക എന്നതാണ്. അഹങ്കാരത്തിന്റേയും പൊങ്ങച്ചത്തിന്റേയും പിശുക്കിന്റേയും ശീലം ഉപേക്ഷിക്കുക എന്നതാണ്.

ഹുദൂർ പറഞ്ഞു: ജമാഅത്തിന്റെ ജൽസകളായ, സീറത്തുന്നബിജൽസ, യൗമെ മസീഹ് മൗഊദ് ജൽസ, യൗമെ മുസ്‌ലിഹ് മൗഊദ് ജൽസ, യൗമെ ഖിലാഫത്ത് ജൽസ ഇതെല്ലാം എല്ലാവരും ചേർന്നാണ് നടത്തുന്നത്. എല്ലാവരും ഈ ജൽസകളിൽ പങ്കെടുക്കുന്നു. ഇവയ്ക്കു പുറമെ ഉപസംഘടനകൾ തങ്ങളുടെ പരിപാടികളും ഒരൊറ്റ ദിവസം സംഘടിപ്പിക്കുക.

ഹുദൂർ പറഞ്ഞു: നിങ്ങൾ ഇവിടെ ജൽസയുടെ ഹാജർനില പറഞ്ഞതിൽ ലജ്‌ന-നാസിറാത്തിന്റെ എണ്ണമാണ് അധികമുള്ളത്. അൻസാറിന്റേയും ഖുദ്ദാമിന്റേയും എണ്ണം കുറവാണ്. ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്.

ഹുദൂർ പറഞ്ഞു: നിങ്ങളുടെ ഈ സംഘടിത പരിപാടികൾ കാരണത്താൽ എല്ലാവരും പങ്കെടുക്കുന്നുവെങ്കിൽ ഇത് കുടുംബങ്ങളുടെ പരിഷ്കരണത്തിന് കാരണമാകുന്നതായിരിക്കും. ഇവിടെത്തെ അന്തരീക്ഷത്തിൽനിന്ന് പുറത്തുകൊണ്ടുവരുന്നതിന് ഇത്തരം പരിപാടികൾ നിർബന്ധമാണ്.

ഡന്മാർക്ക് അമീർ സാഹിബ് പതിവായി വീടുകൾ സന്ദർശിക്കുന്നുവെന്ന് റിപ്പോർട്ട് അവതരിപ്പിച്ചപ്പോൾ ഹുദൂർ പറഞ്ഞു. അമീർ സാഹിബ് പതിവായി വീടുകൾ വിസിറ്റ് ചെയ്തുകൊണ്ടിരിക്കട്ടെ. എവിടെയെങ്കിലും ആരുമില്ലെങ്കിൽ തിരിച്ചുവരിക. സലാം ചൊല്ലുക, മറുപടി കിട്ടിയില്ലെങ്കിൽ തിരിച്ചുപോകുക എന്നതാണ് കല്പനയും. നബി(സ) തിരുമേനിയുടെ ഒരു സ്വഹാബി ഈ കല്പനയനുസരിച്ച് മാത്രം പ്രവർത്തിക്കുന്നതിനുവേണ്ടി വീടുകളിൽ പോകാറുണ്ടായിരുന്നു; എവിടെനിന്നെങ്കിലും സലാമിനു മറുപടി കിട്ടിയില്ലെങ്കിൽ, അല്ലെങ്കിൽ നിഷേധമാണെങ്കിൽ അദ്ദേഹം തിരിച്ചുവരും. അങ്ങനെ ആ കല്പനയനുസരിച്ചുള്ള പ്രവർത്തനവും നടക്കുന്നതാണ്.

നാഷണൽ സെക്രട്ടറി ഉമൂറെ ആമ തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: ഇപ്പോൾ ഒരു കാര്യവും എന്റെയടുത്തില്ല. അപ്പോൾ ഹുദൂർ പറഞ്ഞു; ഉമൂറെ ആമയുടെ ജോലി വെറും വഴക്കുകൾ രാജിയാക്കലല്ല. ഖളായുടെ വിധിപ്രകാരം ശിക്ഷ നടപ്പാക്കുകയല്ല. ഇതൊരു ഉപോൽബലകമായ പ്രവർത്തിയാണ്.

ഉമൂറെ ആമയുടെ ജോലി, ജനങ്ങളെ സഹായിക്കുക എന്നതാണ്. ജനങ്ങൾക്ക് ജോലി വാങ്ങികൊടുക്കാൻ സഹായിക്കുക. വെറുതെയിരിക്കുന്നവർക്ക് ജോലി കിട്ടാനുള്ള മാർഗം പറഞ്ഞുകൊടുക്കുക. അവരെ മുന്നോട്ടു നയിക്കുക. നിങ്ങൾ നിയമങ്ങൾ വായിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.

ഹുദൂർ പറഞ്ഞു: തർബിയ്യത്തിന്റെ ജോലി കർമനിരതമായിക്കഴിഞ്ഞാൽ ഉമൂറെ ആമയുടേയും മാലിന്റേയും പ്രവൃത്തികളിൽ എളുപ്പമുണ്ടാകുന്നതായിരിക്കും. ഇപ്രകാരംതന്നെ തർബിയ്യത്ത് വകുപ്പ് കർമനിരതമാകുന്ന കാരണത്താൽ മുബല്ലിഗുമാരുടെ പ്രവൃത്തികളും എളുപ്പമാകുന്നതാണ്.

നാഷണൽ തഅ്‌ലീം സെക്രട്ടറിക്ക് നിർദ്ദേശം നല്കിക്കൊണ്ട് ഹുദൂർ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ വിദ്യാർഥികളുടെ ഡാറ്റകൾ സംഘടിപ്പിക്കുക. നിങ്ങളുടെ കൈയിൽ റെക്കോർഡുണ്ടാകണം. വിദ്യാർഥികൾക്ക് കൗൺസിലിംഗ് കൊടുക്കുക. ഭാവിയിൽ പ്രയോജനപ്പെടുന്ന വിഷയങ്ങൾ തിരഞ്ഞെടുക്കുന്നതിന് അവർക്ക് മാർഗനിർദേശങ്ങൾ നല്കുക.

ഹുദൂർ പറഞ്ഞു: പാണ്ഡിത്യമുള്ള മറ്റു ആളുകൾക്ക് വേതനം നല്കിയും നിങ്ങൾക്ക് നിങ്ങളുടെ വിദ്യാർഥികൾക്ക് കൗൺസിലിംഗ് കൊടുക്കാൻ കഴിയുന്നതാണ്.

നാഷണൽ സെക്രട്ടറി സ്വൻഅത്ത് വ തിജാറത്തിന് നിർദേശം നല്കിക്കൊണ്ട് ഹുദൂർ പറഞ്ഞു: ജോലിയിലേക്ക് ആളുകളുടെ ശ്രദ്ധ കൊണ്ടുവരിക. ആരോഗ്യമുള്ളവർ എന്തെങ്കിലുമൊക്കെ ജോലി തങ്ങളുടെ കൈകൊണ്ട് ചെയ്യട്ടെ. ജോലി ചെയ്യാനുള്ള ശീലമുണ്ടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

നാഷണൽ സെക്രട്ടറിമാൽ, തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: 2.1 ക്രോണയാണ് ഞങ്ങളുടെ ബജറ്റ്. ചന്ദ നല്കുന്നവരുടെ എണ്ണം 189 ആണ്. ഇവരിൽ 112 പേർ ചന്ദആം നല്കുന്നവരാണ്. 72 മൂസിയാണ്. ചന്ദആമിന്റെ ബജറ്റ് 9 ലക്ഷം ക്രോണയാണ്. മൂസികളുടെ ബജറ്റ് 7.5 ലക്ഷം ക്രോണയാണ്. ഹുദൂർ ആളോഹരി കണക്കിന്റെ അടിസ്ഥാനത്തിൽ ചന്ദആമും ചന്ദവസിയ്യത്തും പരിശോധിച്ചു. അതിനുശേഷം ഹുദൂർ പറഞ്ഞു: ഇവിടെ മൂസിയുടെ വരുമാനം കൂടുതലായി കാണുമ്പോഴാണിത്; മറ്റുള്ളത് കുറച്ചും. കാരണം മൂസി തഖ്‌വ കൈക്കൊണ്ട് തോതനുസരിച്ച് ചന്ദ നല്കുന്നു. നിങ്ങൾ നിങ്ങളുടെ തഖ്‌വയുടെ നിലവാരം വർധിപ്പിക്കുക.

ഹുദൂർ പറഞ്ഞു: മൂസികൾക്ക് അൽവസിയ്യത്തിലെ ഉദ്ധരണികൾ എടുത്തുകൊടുക്കുക. ഒന്നുകിൽ ശരിയായനിലയിൽ തോതനുസരിച്ച് മൂസി ചന്ദ കൊടുക്കാൻ പറയുക. അല്ലെങ്കിൽ തങ്ങളുടെ വസിയ്യത്ത് ക്യാൻസൽ ചെയ്യാൻ അവരോടു പറയുക.

തനിക്ക് പൈസ എവിടെനിന്ന് വരുമെന്ന കാര്യത്തിൽ ഒരു ചിന്തയുമില്ലെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരിക്കുന്നു. അല്ലാഹുവാണ് നല്കുന്നവൻ. എന്നാൽ, ചന്ദ കൊടുക്കാത്തവർ ചിന്തിക്കേണ്ടതാണ്; അവർ ധനത്യാഗത്തിൽനിന്നും ചന്ദകളിൽനിന്നും പിന്മാറി അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് പിന്മാറുകയാണ് ചെയ്യുന്നത്. നിങ്ങൾ വ്യക്തിപരമായ നിലയിൽ ബന്ധപ്പെട്ട് അവർക്ക് ഇക്കാര്യം പറഞ്ഞുകൊടുക്കുക.

ഹുദൂർ പറഞ്ഞു: ആരെങ്കിലും ഔദാര്യമെന്ന നിലയിലാണ് ചന്ദ കൊടുക്കുന്നതെങ്കിൽ, അവർ കൊടുക്കേണ്ടതില്ല. അല്ലാഹുവിന്റെ ഔദാര്യം നിങ്ങളിലുണ്ടെന്നാണ് അല്ലാഹു പറയുന്നത്. നിങ്ങൾക്ക് വിശ്വസിക്കാൻ തൗഫീഖ് നല്കി. ഈമാൻ എന്നു പറയുന്നത് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക എന്നതാണ്; അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ചെലവഴിക്കുക. (തുടരും)

(പേജ് 2ൽനിന്ന്)

പറഞ്ഞ് അവിടത്തന്നെ ഇരിക്കുകയും രണ്ട് കൈയും കാൽമുട്ടുകളിൽ വെക്കുകയും ചെയ്യുക. കൈവിരലുകൾ നിവർത്തി ഖിബ്‌ലയുടെനേരെ വെക്കേണ്ടതാണ്. വലത്തെ കാൽവിരലുകൾ ഖിബ്‌ലയുടെനേരെ വരത്തക്കവണ്ണം കുത്തിവെക്കുകയും ഇടത്തെകാൽ കിടത്തിവെച്ച് അതിന്മേൽ ഇരിക്കുകയും വേണം. ഇതിന് 'ഇഫ്തിറാശി'ന്റെ ഇരുത്തം എന്നു പറയുന്നു. പിന്നീട് 'അത്തഹിയ്യാത്തു' ഓതുക. അതിപ്രകാരമാണ്:

التَّحِيَّاتُ لِلّٰهِ وَالصَّلَوٰتُ وَالطَّيِّبَاتُ اَلسَّلَامُ عَلَيْكَ اَيُّهَا النَّبِيُّ وَرَحْمَةُ اللّٰهِ وَبَرَكَاتُهٗ

اَلسَّلَامُ عَلَيْنَا وَعَلٰى عِبَادِ اللّٰهِ الصَّالِحِيْنَ

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

അർഥം:- "എല്ലാ കാണിക്കകളും എല്ലാ പ്രാർഥനകളും എല്ലാ പരിശുദ്ധകർമങ്ങളും അല്ലാഹുവിന്നാകുന്നു. നബിയേ, രക്ഷയും സമാധാനവും അല്ലാഹുവിന്റെ കാരുണ്യവും അവന്റെ അനുഗ്രഹങ്ങളും അങ്ങക്ക് ഉണ്ടാകട്ടെ. രക്ഷയും സമാധാനവും ഞങ്ങൾക്കും അല്ലാഹുവിന്റെ സജ്ജനങ്ങളായ ദാസന്മാർക്കും ഉണ്ടാകട്ടെ. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ്(സ) അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

അത്തഹിയ്യാത്തു ഓതുമ്പോൾ എന്ന സ്ഥലത്തെത്തിയാൽ വലത്തെ കൈയുടെ ചൂണ്ടുവിരൽ പൊക്കേണ്ടതാണ്.

രണ്ട് റക്അത്തിന്റെ നമസ്കാരമാണെങ്കിൽ ഇത് അയാളുടെ അവസാനത്തെ അത്തഹിയ്യാത്ത് ആയിരിക്കും. അതുകൊണ്ട് അത്തഹിയ്യാത്തിനുശേഷം സ്വലാത്ത് ചൊല്ലുക അതിപ്രകാരമാണ്.

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّعَلٰى اٰلِ مُحَمَّدٍ كَمَا صَلَّيْتَ عَلٰى اِبْرَاهِيْمَ وَعَلٰى اٰلِ اِبْرَاهِيْمَ

اِنَّكَ حَمِيْدٌ مَّجِيْدٌ. اَللّٰهُمَّ بَارِكْ عَلٰى مُحَمَّدٍ وَّعَلٰى اٰلِ مُحَمَّدٍ كَمَا صَلَّيْتَ عَلٰى

اِبْرَاهِيْمَ وَعَلٰى اٰلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْدٌ

അർഥം:- "അല്ലാഹുവേ, മുഹമ്മദ്(സ)നും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും നീ സവിശേഷകാരുണ്യം നല്കേണമേ; ഇബ്റാഹീം നബിക്കും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും നീ സവിശേഷകാരുണ്യം നല്കിയതുപോലെ. തീർച്ചയായും നീ സ്തുതിക്കപ്പെടുന്നവനും മഹത്ത്വമുടയവനും ആകുന്നു. അല്ലാഹുവേ, മുഹമ്മദ്(സ)നും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും നീ അളവറ്റ അനുഗ്രഹം നല്കേണമേ; ഇബ്റാഹീം നബിക്കും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും നീ അളവറ്റ അനുഗ്രഹം നല്കിയതുപോലെ. തീർച്ചയായും നീ സ്തുതിക്കപ്പെടുന്നവനും മഹത്ത്വമുടയവനുമാകുന്നു."

ഇതിനുശേഷം ഖുർആനിലോ ഹദീഥിലോ വന്നിട്ടുള്ള ദുആകളോ അല്ലെങ്കിൽ ഇഷ്ടമുള്ള മറ്റേതെങ്കിലും ദുആകളോ ചൊല്ലുക. ഉദാഹരണം.

رَبَّنَا اٰتِنَا فِى الدُّنْيَا حَسَنَةً وَّفِى الْاٰخِرَةِ حَسَنَةً وَّقِنَا عَذَابَ النَّارِ

അർഥം: "ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് ഈ ലോകത്ത് നന്മ തരേണമേ, പരലോകത്തും നന്മ തരേണമേ, ഞങ്ങളെ തീയുടെ ശിക്ഷയിൽനിന്ന് കാത്തുരക്ഷിക്കേണമേ."

رَبِّ اجْعَلْنِىْ مُقِيْمَ الصَّلٰوةِ وَمِنْ ذُرِّيَّتِىْ رَبَّنَا وَتَقَبَّلْ دُعَآءِ رَبَّنَا اغْفِرْلِىْ وَلِوَالِدَىَّ

وَلِلْمُؤْمِنِيْنَ يَوْمَ يَقُوْمُ الْحِسَابُ

അർഥം:- "എന്റെ നാഥാ, എന്നേയും എന്റെ സന്താനങ്ങളേയും നമസ്കാരത്തെ നിലനിറുത്തുന്നവരാക്കേണമേ, ഞങ്ങളുടെ നാഥാ എന്റെ പ്രാർഥന നീ സ്വീകരിക്കുകയും ചെയ്യേണമേ. ഞങ്ങളുടെ നാഥാ! എനിക്കും എന്റെ മാതാപിതാക്കൾക്കും എല്ലാ സത്യവിശ്വാസികൾക്കും കണക്കെടുപ്പിനായി നിറുത്തുന്ന നാളിൽ നീ പൊറുത്തുതരേണമേ."

ദുആക്ക് ശേഷം വലത്തുഭാഗത്തേക്ക് മുഖം തിരിച്ചുകൊണ്ട്

اَلسَّلَامُ عَلَيْكُمْ وَرَحْمَةُ اللّٰهِ

എന്ന് ചൊല്ലുക. തുടർന്ന് ഇടത്തുഭാഗത്തേക്ക് മുഖം തിരിച്ചുകൊണ്ട്

اَلسَّلَامُ عَلَيْكُمْ وَرَحْمَةُ اللّٰهِ

എന്ന് വീണ്ടും ചൊല്ലുക.

എന്നാൽ, അയാളുടെ നമസ്കാരം മൂന്നു റക്അത്തിന്റേയോ നാലു റക്അത്തിന്റേയോ ആണെങ്കിൽ ഇത് അയാളുടെ ഇടയിലുള്ള ഇരുത്തമായിരിക്കും. അതുകൊണ്ട് തശ്ഹുദ് ചൊല്ലിയതിനുശേഷം സ്വലാത്തൊന്നും ചൊല്ലാതെ അല്ലാഹു അക്ബർ എന്നു പറഞ്ഞ് എഴുന്നേറ്റു നില്ക്കുക.

തുടരും

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്‌മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

## ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്‌മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

# തഹ്‌രീക്കെ ജദീദ് ഒരു ദൈവിക പദ്ധതി

**സയ്യിദുനാ ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ)**

“രണ്ടുനാലു ദിവസം മുമ്പേ 'അൽഫള്‌ലിൽ' തഹ്‌രീക്കെ ജദീദ് മുഖേന പുലർന്ന ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു പ്രവചനത്തെപ്പറ്റിയുള്ള ഖാളി അക്മൽ സാഹിബിന്റെ ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. ഹദ്‌റത്ത് മസീഹ് മൗഊദ് (അ) ന്റെ ഈ പ്രവചനം തഹ്‌രീക്കെ ജദീദിൽ പങ്കെടുക്കുന്നവരിൽ യോജിച്ചുവരുന്നുണ്ടെന്നുള്ള ചിന്ത എനിക്കുതന്നെയും രണ്ടുമൂന്നു വർഷമായിട്ടുണ്ടായിരുന്നു. അതായത് സൈന്യത്തെ കണ്ടുമുട്ടുമെന്ന് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന് സുവാർത്ത അറിയിക്കപ്പെട്ടവർ തഹ്‌രീക്കെ ജദീദിൽ പങ്കെടുക്കുന്നവർ തന്നെയാണ്! ഇസ്‌ലാമിന്റെ വിജയത്തിനുവേണ്ടി ഒരു സുസ്ഥിരമായതും കെട്ടുറപ്പുള്ളതുമായ അടിത്തറയിടാൻ ഈ സൈന്യം മുഖേന അല്ലാഹു ആഗ്രഹിക്കുന്നു. ഈ സൈന്യം അതിന്റേതായ ഒരു അടയാളം വിട്ടുംവെച്ച് പോകണം. ഇതുമുഖേന എന്നെന്നും ലോകത്ത് ഇസ്‌ലാമിക പ്രബോധനം നടന്നുകൊണ്ടിരിക്കണം.”(ജമുഅ ഖുത്ബ 1938 നവംബർ 18)

വീണ്ടും പറഞ്ഞു: “തനിക്ക് 5000 ഭടന്മാർ നല്കപ്പെടുമെന്ന് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) കണ്ട കശ്ഫുമായി വളരെ സാദൃശ്യമുള്ള സംഭവങ്ങളാണ് തഹ്‌രീക്കെ ജദീദിന്റേത്.”(അൽഫള്ൽ ദിനപത്രം 1939 ഡിസംബർ 21)

ഇതു സംബന്ധമായി ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഒരു പ്രസംഗത്തിൽ വഖ്ഫിനെ സിന്ദഗിയെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ട് പറഞ്ഞു: “ഹദ്‌റത്ത് മസീഹ് മൗഊദ്(അ) 5000 ഭടന്മാർ തനിക്ക് നല്കപ്പെടുമെന്ന് കണ്ട സ്വപ്നം ഒന്നാമതായി തഹ്‌രീക്കെജദീദിൽ ചന്ദ കൊടുക്കുന്നവർ മുഖേന പുലർന്നു. രണ്ടാമതായി അത് നിവർത്തിക്കാൻ ഇസ്‌ലാമിന്റെ നാമം ഉയർത്തുന്നതിനുവേണ്ടി തങ്ങളുടെ ജീവിതം വഖ്ഫ് ചെയ്യുന്ന 5000 മുബല്ലിഗുമാരെ തഹ്‌രീക്കെ ജദീദിന്റെ കീഴിൽ നമ്മൾ തയ്യാറാക്കണമെന്നാണ് എന്റെ ആഗ്രഹം.”(പ്രഭാഷണം 1939 ഡിസംബർ 27)

വീണ്ടും പറഞ്ഞു: “ഓർമിക്കുക! അല്ലാഹുവിന്റെ അനുഗ്രഹത്താൽ തഹ്‌രീക്കെ ജദീദുമുഖേന പുലർന്നുകൊണ്ടിരിക്കുന്ന ഹദ്‌റത്ത് മസീഹ് മൗഊദ് (അ)ന്റെ ഈ പ്രവചനമനുസരിച്ച് ഇസ്‌ലാമിന്റെ വിജയത്തിന്റെ അടിത്തറ, മുഹമ്മദു റസൂലുല്ലായുടെ നാമത്തെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള അടിത്തറ, ലോകമുണ്ടായ ദിവസം മുതൽ തഹ്‌രീക്കെ ജദീദുമുഖേന നിശ്ചയിക്കപ്പെട്ടിരിക്കുന്നു..... ഈ 5000 ഭടന്മാരുടെ ത്യാഗങ്ങൾ ഭാവിയിൽ ലോകത്ത് ഒരു വിപ്ലവം സൃഷ്ടിക്കും. ഭാവിയിൽ ഈ പദ്ധതിയുടെ രൂപമെന്തായിരിക്കും? ഈ പദ്ധതി എന്തെന്തെല്ലാം ഫലങ്ങൾ വെളിപ്പെടുത്തും? ഇക്കാര്യങ്ങളെല്ലാം അറിയുന്നവൻ അല്ലാഹുതന്നെയാണ്. ആത്മാർഥതയോടെ, സ്നേഹത്തോടെ, പശ്ചാത്താപത്തോടെ, അനുസരണത്തിന്റെ പരിപൂർണ മാതൃക കാഴ്ചവെച്ചുകൊണ്ട്, പൂർണമായ വിനയത്തോടും ഉള്ളഴിഞ്ഞും അല്ലാഹുവിലേക്ക് തികച്ചും കുനിഞ്ഞുകൊണ്ട് ത്യാഗങ്ങൾ സമർപിച്ചുകൊണ്ടേ പോകുക എന്നതു മാത്രമാണ് നമ്മുടെ പ്രവൃത്തി. നമ്മൾ അവന്റെ കാരുണ്യവും അനുഗ്രഹവും പ്രതീക്ഷിക്കുന്നവരാണ്.”(അൽഫള്ൽ ദിന പത്രം ലാഹോർ 1951 നവംബർ 20)

വീണ്ടും പറഞ്ഞു: “തഹ്‌രീക്കെ ജദീദിന്റെ 'ജിഹാദെ കബീറിന്റെ' തേജോവിലാസം എന്താണെന്നു വെച്ചാൽ അതിൽ ആത്മാർഥതയോടെ പങ്കെടുക്കുന്നവന് അല്ലാഹു തന്റെ അടുത്ത് സ്ഥാനം പ്രദാനം ചെയ്യുന്നു എന്നതാണ്. കാരണം അല്ലാഹുവിന്റെ ദീനിനെ ജീവിപ്പിക്കുന്നതിനുവേണ്ടി ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനം പൂർത്തീകരിക്കുന്നതിൽ പങ്കെടുക്കുന്ന ആ 5000 ഭടന്മാരാണ് അവർ.” (ഉന്നീസ് സാലാ കിതാബ് പേജ് 21)

വീണ്ടും പറഞ്ഞു: “ഹദ്‌റത്ത് മസീഹ് മൗഊദ് (അ)ന് ഒരു കശ്ഫ് മുഖേന നല്കിക്കഴിഞ്ഞിട്ടുള്ള 5000 ഭടന്മാരടങ്ങുന്ന സൈന്യത്തിൽ പങ്കെടുത്ത് അന്തസ് കരസ്ഥമാക്കാൻ നമ്മുടെ ജമാഅത്തിലെ സ്നേഹിതന്മാരുടെ മനസ്സ് തുറക്കേണമേ എന്ന് അല്ലാഹുവിനോടു ദുആ ചെയ്യുന്നു. അല്ലാഹുമ്മ ആമീൻ.”(അൽഫള്ൽ ദിന പത്രം ഖാദിയാൻ 1938 നവംബർ 24)

ഇതേപ്രകാരം 1952 ഒക്ടോബർ 5ന് ഹുദൂർ(റ) ലോക അഹ്‌മദിയ്യാ ജമാഅത്തിന്റെ പേരിൽ അയച്ച ഒരു പ്രോജ്ജ്വലമായ സന്ദേശത്തിൽ പറയുന്നു: “മുസ്‌ലിഹ് മൗഊദ് ഭൂമിയുടെ കോണുകളോളം പ്രസിദ്ധനാകുമെന്നും ജനതകൾ അവനിൽനിന്ന് അനുഗ്രഹം പ്രാപിക്കുമെന്നും ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനമുണ്ടായിരുന്നു. അവന്റെ നാമത്തെ ലോകത്തിന്റെ അറ്റങ്ങളോളം എത്തിക്കുമെന്നതിന്റെ അർഥം അഹ്‌മദിയ്യത്ത് അവൻ മുഖേന ലോകത്തിന്റെ അറ്റങ്ങളോളം എത്തുമെന്നല്ലാതെ മറ്റൊന്നുമല്ല. വാസ്തവത്തിൽ ഇതിലുള്ളത് തഹ്‌രീക്കെ ജദീദിന്റെ സ്ഥാപനത്തെക്കുറിച്ചുള്ള പ്രവചനമാണ്. തഹ്‌രീക്കെ ജദീദിന്റെ സ്ഥാപനം ഈ പ്രവചനമനുസരിച്ച് 1934 മുതലല്ല പ്രത്യുത 1886 മുതലാണ്. അതായത് 48 വർഷം മുമ്പേ അല്ലാഹു ഇതിന്റെ അടിത്തറ ഇട്ടു കഴിഞ്ഞിരുന്നു. ചിന്തിക്കുകയാണെങ്കിൽ യഥാർഥത്തിൽ 1348 വർഷം മുമ്പേ തഹ്‌രീക്കെ ജദീദിന്റെ സ്ഥാപനം ഉണ്ടായിക്കഴിഞ്ഞിട്ടുള്ളതായി നമുക്ക് അംഗീകരിക്കേണ്ടിവരും. കാരണം അല്ലാഹു മുഹമ്മദു മുസ്തഫാ(സ)യെ സംബന്ധിച്ച് പറയുന്നു: അവനാണ് അദ്ദേഹത്തെ അയച്ചവൻ; *ലിയുള്ഹിറഹു അലദ്ദീനിക്കുല്ലിഹീ* ഇസ്‌ലാമിനെ ലോകത്തുള്ള എല്ലാ മതങ്ങളുടേയുംമേൽ വിജയിപ്പിക്കുന്നതിനുവേണ്ടി. വിശുദ്ധ ഖുർആൻ വ്യാഖ്യാതാക്കൾ എഴുതുന്നു: 'ഏതൊരു കാലഘട്ടത്തെക്കുറിച്ചാണോ ഇതിൽ പറയുന്നത് ആ അവസാന കാലം മസീഹ്–മഹ്ദിയുടെ കാലമാണ്.' അതിനാൽ തഹ്‌രീക്കെ ജദീദ് വാസ്തവത്തിൽ ഈ പ്രവചനത്തെ കർമപരമായ വസ്ത്രം അണിയിക്കുന്നതിനുവേണ്ടിയിട്ടുള്ളതാണ്. ഇതിൽ പങ്കെടുക്കുകയും വാഗ്ദാനം പൂർത്തിയാക്കുകയും ചെയ്യുന്ന ഓരോ അഹ്‌മദിയും *ലിയുള്ഹിറഹു അലദ്ദീനിക്കുല്ലിഹീ* എന്ന പ്രവചനത്തിന്റെ പ്രതിഭകളാണ്. ഖാത്തമുന്നബിയ്യീന്റെ നിയോഗോദ്ദേശ്യം പൂർത്തിയാക്കുന്നവരിൽ പങ്കുചേരുന്നവൻ വളരെ വലിയ ഭാഗ്യവാനാണ്. മുഹമ്മദീ സൈന്യത്തിന്റെ ഭടന്മാരിൽ അവന്റെ നാമം എഴുതപ്പെടുന്നു. വായകൊണ്ട് അതിൽ ചേരുന്നുവെന്ന് സമ്മതിക്കുകയും കർമപരമായി അതിൽ ബലഹീനതകാണിതക്കുകയും ചെയ്യുന്നവൻ നിർഭാഗ്യനാണ്. അതുകൊണ്ട് സ്നേഹിതന്മാരേ! നിങ്ങൾ അഹ്‌മദികളിൽ ഒരു അഹ്‌മദിയും ഈ പദ്ധതിയിൽ പങ്കെടുക്കാത്തവരായി ഉണ്ടാകരുത്. വാഗ്ദാനം ചെയ്തിട്ട് അതിൽ ബലഹീനത കാണിക്കുന്നവരായും ആരും ഉണ്ടാകരുത്. എന്നല്ല സൽപ്രകൃതനും നല്ലവനുമായ അനഹ്‌മദിയും ഈ പദ്ധതിയുടെ പുറത്താകരുത്; അഹ്‌മദിയ്യാ ജമാഅത്തിൽ പ്രവേശിക്കാൻ തന്റേടമില്ലെങ്കിലും.”(അൽഫള്ൽ ദിനപത്രം റബ്‌വ 1952 ഒക്ടോബർ 21)

“എന്റെ എല്ലാ സ്കീമുകളും എന്റെ എല്ലാ വികാരങ്ങളുടേയും നാലുമൂലകളും അതിന്റെ അടിത്തറകളും ശരീഅത്ത് സ്ഥാപിച്ചിട്ടുള്ളതും അഹ്‌മദിയ്യാ ജമാഅത്ത് ലോകത്ത് വെളിപ്പെടുത്തിയിട്ടുള്ളതുമായ ദൃഷ്ടാന്തങ്ങളുടെ മേലാണുള്ളത്. എന്റെ സ്കീമിന്റെ അതിസൂക്ഷ്മമായ തരിപോലും ഇസ്‌ലാമിക ശരീഅത്തും അഹ്‌മദിയ്യാ ജമാഅത്തും സ്ഥാപിച്ചിട്ടുള്ള അടിത്തറകൾക്ക് പുറത്തല്ല.”(ജുമുഅ ഖുത്ബ 1934 നവംബർ 16)

“ഞാൻ അല്ലാഹുവിൽ ഈ പദ്ധതിയുടെ പൂർത്തീകരണം വിടുകയാണ്. അതായത് ഈ ജോലി അവന്റേതാണ്. ഞാൻ അവന്റെ ഏറ്റവും താണ ഒരു സേവകനാണ്. വാക്കുകൾ എന്റേതാണ്. പക്ഷേ, കല്പന അവന്റേതാണ്.”(ജുമുഅ ഖുത്ബ 1935 നവംബർ 15)

തഹ്‌രീക്കെ ജദീദ് എന്നിൽനിന്നുള്ളതാണെന്ന് ഒരിക്കലും കരുതരുത്. അല്ല. പ്രത്യുത അതിലെ ഓരോരോ വാക്കും വിശുദ്ധ ഖുർആനിൽനിന്ന് സ്ഥാപിക്കാൻ എനിക്കു കഴിയും. ഓരോരോ കല്പനയും റസൂൽ കരീം(സ)ന്റെ നിർദേശങ്ങളിൽനിന്ന് കാണിക്കാൻ കഴിയും. എന്നാൽ, ചിന്തിക്കുന്ന തലച്ചോറിന്റേയും വിശ്വസിക്കുന്ന മനസ്സിന്റേയും ആവശ്യമാണുള്ളത്. അതുകൊണ്ട് ഞാൻ പറഞ്ഞത് എന്നിൽനിന്നുള്ളതാണെന്ന് വിചാരിക്കരുത്. പ്രത്യുത ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവന്റെ കല്പനയാണിത്. ഞാൻ മരിക്കുകയാണെങ്കിൽത്തന്നെ മറ്റൊരാളെക്കൊണ്ട് ഇതുതന്നെ പറയിക്കും; അവൻ മരിച്ചതിനുശേഷം വേറെയാരെയെങ്കിലും കൊണ്ട്! എന്തായാലും നിങ്ങളെക്കൊണ്ട് അനുസരിപ്പിക്കാത്തിടത്തോളം വിട്ടുകളയുകയില്ല.”(ജുമുഅ ഖുത്ബ 1935 ഡിസംബർ 13)

“തഹ്‌രീക്കെ ജദീദിനെക്കുറിച്ച് എത്ര കാര്യങ്ങൾ ഞാൻ പറഞ്ഞുവോ അതെല്ലാം അല്ലാഹുവിൽനിന്ന് അൽഖയായി എന്റെ മനസ്സിലിടപ്പെട്ടതാണ്..... തഹ്‌രീക്കെ ജദീദിന്റെ ഉദ്ഘാടനം എന്നിൽനിന്നുണ്ടായി അല്ലെങ്കിൽ ശരിയായ വാക്കുകളിൽ തഹ്‌രീക്കെ ജദീദിന്റെ ഉദ്ഘാടനം ദൈവികേച്ഛപ്രകാരം ഉണ്ടായി എന്നു പറയുക. അതിൽ അല്ലാഹുവിൽനിന്ന് ഒരു മഹത്തായ ഉദ്ദേശ്യത്തെ പൂർത്തിയാക്കാനും മനുഷ്യത്വത്തിന്റെ വേരുകളെ ശക്തിപ്പെടുത്താനുമുള്ള ബീജം വെക്കപ്പെട്ടിരിക്കുന്നു.”(നിളാമെ നൗ പേജ് 3)

☆☆☆

## 124–ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്‌റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിഹിൽ അസീസ് 124–ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2018 ഡിസംബർ 28,29,30(വെള്ളി, ശനി, ഞായർ) തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനും വേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

***(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)***

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 29 November 2018 Issue-48

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# മിർസാ ഗുലാം അഹ്മദ് സാഹിബിന് ഒരു സ്തുത്യുപഹാരം

**(2018 സെപ്തബർ ലക്കം 'ദി റിവ്യൂ ഓഫ് റിലിജ്യൻസിൽ' പ്രസിദ്ധീകരിച്ച പരേതനെ കുറിച്ചുള്ള ഈ ലേഖനം മൊഴിമാറ്റം നടിത്തിയിരിക്കുന്നത് കോഴിക്കോട് കെ.വി. ഹസ്സൻകോയ സാഹിബാണ്)**

ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ നമ്മെ വിട്ടുപിരിഞ്ഞ ഒരു സഹോദരനായിരുന്നു മിർസാ ഗുലാം അഹ്മദ് സാഹിബ്. 'ദി റിവ്യൂ ഓഫ് റിലീജ്യൻസ്' മാസികയ്ക്ക് അദ്ദേഹം 20 വർഷം സേവനം ചെയ്തു. അതിൽ 10 വർഷം ചീഫ് എഡിറ്ററായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ ജീവിതത്തിലേക്കും പാരമ്പര്യത്തിലേക്കുമുള്ള ഒരു അന്വേഷണമാണിത്.

പരേതാത്മാവിന് 78 വയസ്സായിരുന്നു. ദി റിവ്യൂ ഓഫ് റിലിജ്യൻസിന്റെ വിവിധ തസ്തികകളിൽ 20 വർഷത്തിലധികം ജോലി ചെയ്ത അദ്ദേഹം അറുപതുകളിലും എഴുപതുകളിലും മാസികയുടെ റബ്വയിലെ (പാക്കിസ്താൻ) ഓഫീസുകളിലും സേവനം ചെയ്തിട്ടുണ്ട്. പിന്നീട് മാസിക ലണ്ടനിൽനിന്ന് പ്രസിദ്ധീകരിക്കപ്പെടുന്നതിന് മുമ്പേ ഏകദേശം 10 വർഷം ചീഫ് എഡിറ്ററായും ജോലിചെയ്തു.

1939-ൽ ജനിച്ച മിർസാ ഗുലാം അഹ്മദ് സാഹിബ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ആജീവനാന്ത സേവനത്തിന് അർപണം ചെയ്ത വാഗ്ദത്ത മസീഹിന്റെ മകന്റെ പേരക്കുട്ടിയുമായിരുന്നു. ഇന്ത്യാവിഭജനാന്തരം ചെറുപ്പത്തിൽത്തന്നെ പാക്കിസ്താനിലേക്ക് പോയ അദ്ദേഹം ലാഹോറിലെ ഗവർമ്മെന്റ് കോളേജിൽനിന്ന് പൊളിറ്റിക്കൽ സയൻസിൽ ബിരുദാനന്തര ബിരുദം നേടുകയും പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പരീക്ഷ (CSS) പാസ്സാകുകയും ചെയ് തു. ഇത് അക്കാലത്ത് പാസാകാൻ വളരെ വിഷമമുള്ള ഒരു പരീക്ഷയായിരുന്നു. ഭൗതികമായ പരിശ്രമത്തിൽ വിജയിച്ചെങ്കിലും സർക്കാരിൽ ജോലി ലഭിക്കാനുള്ള ആ അവസരം അവഗണിച്ചുകൊണ്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ആജീവനാന്ത സേവനം ചെയ്യാൻ അദ്ദേഹം അർപണം ചെയ്യുകയാണുണ്ടായത്. യഥാർഥത്തിൽ അതുതന്നെയായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. ജമാഅത്തിന് സേവനം ചെയ്യാൻ മുതിർന്നത് ഭൗതികമായ ജോലി ലഭിക്കാത്തതുകൊണ്ടല്ല എന്ന് കാണിക്കാൻ കൂടിയായിരുന്നു. 1962 മെയ് മാസത്തിൽ ഔദ്യോഗികമായി അദ്ദേഹം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലെ ആജീവനാന്ത സേവനത്തിന് അർപണം ചെയ്തു.

'ദി റിവ്യൂ ഓഫ് റിലീജ്യൻസിലായിരുന്നു അദ്ദേഹത്തിന് ആദ്യനിയമനം കിട്ടിയത്. അന്ന് ചീഫ് എഡിറ്ററായിരുന്ന സയ്യിദ് മീർ ദാവൂദ് അഹ്മദ് സാഹിബിനെ എഡിറ്റിംഗിലും മാസിക പുറത്തിറക്കാനും സഹായിച്ചു. ഇങ്ങനെ 1923 വരെ പ്രവർത്തിച്ചു. പിന്നീട് സയ്യിദ് മീർ ദാവൂദ് അഹ്മദ് സാഹിബ് വഫാത്തായപ്പോൾ ചീഫ് എഡിറ്ററുടെ തസ്തികയിൽ 1983 വരെ ജോലി ചെയ്തു. അടുത്ത മൂന്ന് ദശകങ്ങളിൽ മിർസാ ഗുലാം അഹ്മദ് സാഹിബ് ഭരണപരമായ നിരവധി തസ്തികകളിൽ പ്രവർത്തിച്ചു. പാക്കിസ്താനിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വിദ്യാഭ്യാസപരമായ സേവനരംഗത്ത് നാസിർ തഅ്‌ലിം (ഡയരക്ടർ ഓഫ് എജുക്കേഷൻ) നിരവധി വർഷം സേവനമനുഷ്ഠിച്ചു. സ്വദ്ർ അഞ്ചുമനുവേണ്ടി നാളിർ ദിവാൻ (ഡയരക്ടർ, മനുഷ്യവിഭവശേഷി) ആയി പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ അന്തിമ തസ്തിക നാളിർ അഅ്‌ലാ സ്വദ്ർ അഞ്ചുമൻ (ചീഫ് ഡയരക്ടർ, പാക്കിസ്താനിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഭരണസമിതി) ആയിരുന്നു. ഈ ഔദ്യോഗിക പദവികൾക്ക് പുറമെ ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് തലവനായിരുന്ന മൂന്നാം ഖലീഫ ഹദ്റത്ത് മിർസാ നാസ്വിർ അഹ്മദ്(റഹ്)ന്റെ പ്രൈവറ്റ് സെക്രട്ടറിയുമായിരുന്നു. അതിലുപരി എണ്ണമറ്റ കമ്മിറ്റി അംഗവുമായിരുന്നു. ജൽസ സാലാനയുടെ നാഇബ് അഫ്സർ ആയിരുന്നു. (ജൽസ സാലാന എന്നാൽ, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഓരോ നാട്ടിലുമുള്ള വാർഷിക സമ്മേളനമാണ്). പാക്കിസ്താനിൽ 1983 മുതൽ ജൽസാ സാലാന നടന്നിട്ടില്ല. അഹ്മദി മുസ്‌ലിംകൾക്കെതിരിൽ സർക്കാർ ഭാഗത്തുനിന്നുള്ള പീഢനം കാരണമായിരുന്നു ഇത്. അവസാനത്തെ ചില അഹ്മദിയ്യാ വാർഷിക സമ്മേളനങ്ങളിൽ ഒരുലക്ഷം പേർവരെ പങ്കെടുത്തിരുന്നു. അവർക്ക് ഭക്ഷണവും താമസ സൗകര്യവുമേർപ്പെടുത്തിയിരുന്നു. ഈ എല്ലാ ജോലികൾക്കും പുറമെ 1989ലെ പാക്കിസ്താൻ ശിക്ഷാ നിയമം 298 ഇ വകുപ്പുപ്രകാരം ചില ദിവസങ്ങളിൽ അദ്ദേഹം ജയിലിലടക്കപ്പെട്ടിരുന്നു. മുസ്‌ലിംകൾ എന്ന നിലയിൽ അഹ്മദികൾ അഞ്ചുനേര നമസ്കാരം അനുഷ്ഠിച്ചതും ബാങ്ക് വിളിച്ചതുമായിരുന്നു കുറ്റം. യുവാവായിരിക്കുമ്പോൾത്തന്നെ ജമാഅത്തിന്റെ സേവനത്തിനായി ജീവാർപ്പണം ചെയ്ത ജനാബ് മിർസാ ഗുലാം അഹ്മദ് സാഹിബിൽ പ്രതീക്ഷിക്കപ്പെട്ട നീതിശാസ്ത്രം എടുത്തുപറയേണ്ടതു തന്നെയായിരുന്നു. രാവിലെ മുതൽ ജോലിയിൽ പ്രവേശിക്കുന്ന അദ്ദേഹം വൈകിയാലും തിരിച്ചെത്തില്ലായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമന്റെ (റഹ്) കൂടെ ജോലി ചെയ്തിരുന്ന 1974 കാലത്ത് പകൽ സമയം അദ്ദേഹം വീട്ടിലെത്താറേ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ കാര്യക്ഷമതയുടെ മറ്റൊരു ഉദാഹരണമെന്തെന്നാൽ, ഒരിക്കൽ 150-200 പേജുള്ള ഒരു പുസ്തകത്തിന്റെ പ്രൂഫ് നോക്കാൻ അദ്ദേഹം ഏല്പിക്കപ്പെട്ടു. പ്രൂഫ് നോക്കിയശേഷം തിരുത്തലുകളോടെ കൈയെഴുത്തുപ്രതി അദ്ദേഹം പിറ്റേന്ന് രാവിലെ തിരിച്ചേൽപിച്ചു. അദ്ദേഹത്തിന്റെ മറ്റൊരു വിശിഷ്ടഗുണം ഖിലാഫത്തിനോടുള്ള അർപണബോധമായിരുന്നു. മലേഷ്യയിൽനിന്നും മതപരിവർത്തനം ചെയ്ത ശാഹിദ് അബ്ബാസ്പറഞ്ഞു: "ഞാൻ 2005-ലാണ് ബയ്അത്ത് ചെയ്തത്. എന്നിട്ട് മർക്കസിൽ സന്ദർശനം നടത്തി. മിർസാ ഗുലാം അഹ്മദ് സാഹിബ് അന്ന് ഓഫീസിലേക്ക് പോകുകയായിരുന്നു. അപ്പോൾ എന്നോടൊപ്പമുണ്ടായിരുന്ന പ്രാദേശിക മുഅല്ലിം (പ്രബോധകൻ) നിയാൽ സാഹിബ് പറഞ്ഞു: അദ്ദേഹം കാലത്തിന്റെ ഖലീഫയുടെ അടുത്ത ബന്ധുവാണ്. താങ്കൾ അദ്ദേഹത്തോട് ദുആ ചെയ്യാൻ അപേക്ഷിക്കണം. ഞാൻ അദ്ദേഹത്തെ സമീപിച്ച്, താൻ ശിയാ കക്ഷിയിൽനിന്ന് അഹ്മദിയ്യത്തിൽ ബയ്അത്ത് ചെയ്തുവന്ന ആളാണെന്നും തനിക്കുവേണ്ടി ദുആ ചെയ്യണമെന്നും അപേക്ഷിച്ചു. അദ്ദേഹം തന്നെ ആലിംഗനം ചെയതും തന്റെ കൈ ശക്തിയോടെ പിടിച്ചുംകൊണ്ട് വികാരഭരിതനായി പറഞ്ഞു: ഞാനും ദുആയ്ക്കുവേണ്ടി അപേക്ഷിക്കുന്ന ഒരു വ്യക്തിയെക്കുറിച്ച് പറഞ്ഞുതരട്ടെയോ? അതാരായിരിക്കും എന്ന് ഞാൻ അന്വേഷിച്ചു. അദ്ദേഹം മറുപടി പറഞ്ഞു. കാലത്തിന്റെ ഖലീഫയാണദ്ദേഹം. താങ്കൾ അദ്ദേഹത്തോട് ദുആക്ക് അപേക്ഷിച്ചുകൊണ്ട് എഴുതണം. കാലത്തിന്റെ ഖലീഫയോടുള്ള അദ്ദേഹത്തിന്റെ സ്നേഹവികാരത്താൽ ഞാൻ അദ്ദേഹത്തിന്റെ നയനങ്ങളിൽ ദർശിച്ചു. അതങ്ങേയറ്റം വികാരഭരിതമായിരുന്നു. ആ ചില നിമിഷങ്ങൾ എന്റെ സ്മരണയിൽ കൊത്തിവെച്ചിരിക്കുന്നു."

ഈ വിശിഷ്ട ഗുണങ്ങൾക്കു പുറമെ അദ്ദേഹത്തിന്റെ ദരിദ്രരോടുള്ള ശ്രദ്ധയും സുഹൃത്തുക്കളോടും കുടുംബത്തോടുമുള്ള കൂറും ശ്രദ്ധയും എടുത്തുപറയത്തക്കതാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോളനേതാവും ഇപ്പോഴത്തെ ഖലീഫയുമായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്) 2018 ഫിബ്രവരി 9-ാം തിയ്യതിലെ ജുമുഅ ഖുത്ബയിൽ മിർസാ ഗുലാം അഹ്മദ് സാഹിബിനെ ഇപ്രകാരം അനുസ്മരിച്ചു: 'സർവ്വശക്തനായ അല്ലാഹു അദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ. അദ്ദേഹം വിട്ടുപോയ സ്ഥലത്തേക്ക് നാം ഓരോരുത്തരും ഒരു നിശ്ചിത സമയത്ത് പോകേണ്ടവരാണ്. സർവ്വശക്തനായ അല്ലാഹുവിന്റെ സംതൃപ്തി നേടുവാൻ കഠിനാധ്വാനം ചെയ്തവർ എത്ര ഭാഗ്യവാന്മാരാണ്. സർവ്വശക്തനായ അല്ലാഹു അദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ. അദ്ദേഹം ചെയ്ത സൽകർമങ്ങൾ തുടരാൻ അദ്ദേഹത്തിന്റെ മക്കൾക്ക് അല്ലാഹു പ്രാപ്തി നൽകുമാറാകട്ടെ. കൂടാതെ എല്ലാ വാഖ്ഫീനും (അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ജീവാർപണം ചെയ്തവർക്കും) എല്ലാ ഔദ്യോഗിക ഭാരവാഹികൾക്കും തങ്ങളുടെ വഖ്ഫ് (ജമാഅത്തിന് സേവനം ചെയ്യാൻ ചെയ്ത പ്രതിജ്ഞ) ആത്മാർഥതയോടെ പൂർത്തീകരിക്കാൻ തൗഫീഖു ന്‌ലകുമാറാകട്ടെ; എപ്രകാരം പരേതൻ പൂർത്തിയാക്കിയോ, അതുപോലെ. അല്ലാഹു ഓരോരുത്തർക്കും തന്റെ പ്രതിജ്ഞ പൂർത്തിയാക്കുവാനുള്ള അവസരം നൽകുമാറാകട്ടെ. ആത്മാർഥമായ വികാരത്തോടെ ജമാഅത്തിന് സേവനം ചെയ്യുന്ന ഭക്തരും സാത്വികരുമായ ആളുകളെ ഭാവിയിലും അല്ലാഹു ജമാഅത്തിനു നല്കുമാറാകട്ടെ.

☆☆☆

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin